www.eternalvoicenews.com

# എറ്റേണൽ വോയ്സ്

ക്രൈസ്തവ വാർത്താപത്രിക

2017 നവംബർ

Vol: 1 Issue: 4 Kermal-2014/59906 Pages: 8 Thiruvalla Rs: 5.00





## വെസ്ലി ജയിലിൽ; ഷെറിന്റെ മൃതദേഹം തിരിച്ചറിഞ്ഞു

**ഷെറിൻ മാത്യു മരിച്ച കേസിൽ പുതിയ വഴിത്തിരിവ്**
**അമേരിക്കയിൽ ഷെറിൻ മാത്യു മരിച്ച കേസിൽ പുതിയ വഴിത്തിരിവ്**

**ന്യൂയോർക്ക്:** അമേരിക്കയിൽ ഷെറിൻ മാത്യു മരിച്ച കേസിൽ പുതിയ വഴിത്തിരിവ്. വീട്ടിൽ വച്ച് പാല് കുടിക്കുമ്പോൾ ഉണ്ടായ ശ്വാസതടസ്സം മൂലമാണ് ഷെറിൻ മരിച്ചതെന്ന് അച്ഛൻ വെസ്ലി മാത്യു പുതിയ മൊഴി നൽകി. പോലീസ് അറസ്റ്റു ചെയ്ത വെസ്ലി ഇപ്പോൾ ജയിലിലാണ്. ന്യൂയോർക്കിൽ നിന്നും കൃഷ്ണകിഷോറിന്റെ റിപ്പോർട്ട്.

നിർബന്ധിച്ചു പാൽ കുടിപ്പിച്ചപ്പോൾ കുട്ടി ശ്വാസം മുട്ടി മരിക്കുകയായിരുന്നെന്നാണ് വളർത്തച്ഛനും എറണാകുളം സ്വദേശിയുമായ വെസ്ലി മാത്യൂസ് പോലീസിനു നൽകിയിട്ടുള്ള മൊഴി. പാൽ കുടിപ്പിക്കുന്നതിനിടെ കുട്ടിക്ക് ശ്വാസതടസ്സവും ചുമയുമുണ്ടായി. ഇതേ തുടർന്ന് അബോധാവസ്ഥയിലായ കുട്ടി മരിച്ചെന്നു കരുതി ഷെറിനെ ഉപേക്ഷിക്കുകയായിരുന്നെന്നു വെസ്ലി മൊഴി നൽകിയതായും റിപ്പോർട്ടുകൾ പറയുന്നു.

ടെക്സസിൽ മലയാളി ദമ്പതികളുടെ രണ്ടാഴ്ച മുമ്പ് കാണാതായ മൂന്നു വയസ്സുള്ള വളർത്തുമകൾ ഷെറിൻ മാത്യൂസിന്റെ മൃതദേഹം റിച്ച്മണ്ട് സിറ്റി പോലീസ് കഴിഞ്ഞദിവസം കണ്ടെടുത്തു. വെസ്ലി മാത്യൂസും ഭാര്യ സിനിയും രണ്ടു വർഷം മുമ്പ് ബീഹാറിൽ നിന്ന് ദത്തെടുത്ത ഷെറിനെ ഏഴിന് പുലർച്ചെ മൂന്നിനാണ് കാണാതായത്. പാലു കുടിക്കാൻ വിസമ്മതിച്ച കുഞ്ഞിനെ വീടിനു പുറത്തെ മരച്ചുവട്ടിൽ നിർത്തിയെന്നും 15 മിനിട്ടിനു ശേഷം ചെന്നു നോക്കിയപ്പോൾ കണ്ടില്ലെന്നുമാണ് വെസ്ലി ആദ്യം പോലീസിനോടു പറഞ്ഞത്. വീട്ടിൽനിന്ന് മുക്കാൽ കിലോമീറ്റർ അകലെ കലുങ്കിനടിയിലെ ടണലിലാണു മൃതദേഹം കണ്ടെത്തിയത്. ഷെറിന് വളർച്ചക്കുറവും സംസാരിക്കാൻ പ്രശ്നവുമുണ്ടായിരുന്നു. തൂക്കം കൂടാൻ ഇടയ്ക്കിടെ ആഹാരം കൊടുക്കണമായിരുന്നു. പുലർച്ചെ പാലു കുടിക്കനാൻ വിസമ്മതിച്ചപ്പോൾ സഹികെട്ട് വീടിനു പുറത്തുനിർത്തി ശിക്ഷിക്കുകയായിരുന്നുവെന്നായിരുന്നു വെസ്ലിയുടെ അവകാശവാദം.

കുഞ്ഞിനെ കാണാതാകുമ്പോൾ ഉറക്കത്തിലായിരുന്ന സിനിക്കെതിരെ കേസെടുത്തിട്ടില്ല. നാലു വയസ്സുള്ള മറ്റൊരു മകൾ ഇവർക്കുണ്ട്. വെസ്ലി അറസ്റ്റിലായതിനു പിന്നാലെ ഈ കുഞ്ഞിന്റെ സംരക്ഷണം ശിശുസംരക്ഷണവിഭാഗം ഏറ്റെടുത്തു. ശരീരം വീട്ടിൽനിന്നും നീക്കിയതാണെന്നും ഇയാൾ പറഞ്ഞു.

വെസ്ലിയുടെയും സിനിയുടെയും നാലു വയസ്സുള്ള സ്വന്തം മകൾ യുഎസ് നിയമപ്രകാരം ഇപ്പോൾ ശിശുസംരക്ഷണ കേന്ദ്രത്തിലാണ്.

## ചർച്ച് ഓഫ് ഗോഡ് യു.കെ. & ഇ.യു നാഷണൽ കോൺഫ്രൻസ്

**ലണ്ടൻ:** ചർച്ച് ഓഫ് ഗോഡ് യു.കെ. & ഇ.യു മലയാളം സെക്ഷന്റെ പത്താമത് നാഷണൽ കോൺഫ്രൻസ് ഒക്ടോബർ 21ന് സൗത്തോൾ ചർച്ച് ഓഫ് ഗോഡിന്റേയും വെസ്റ്റ് ലണ്ടൻ ചർച്ച് ഓഫ് ഗോഡിന്റേയും നേതൃത്വത്തിൽ ഡോർമേഴ്സ് വെൽസ് ലെയ്ൻ ഹൈസ്കൂളിൽ നടക്കും. ചർച്ച് ഓഫ് ഗോഡ് ഓവർസിയർ റവ.ഡോ.ജോ കുര്യൻ ഉദ്ഘാടനം ചെയ്യും. പാസ്റ്റർ റെജി ശാസ്താംകോട്ട മുഖ്യ പ്രസംഗകനായിരിക്കും. ശനിയാഴ്ച പൊതുയോഗവും, യുവജന സമ്മേളനം, സഹോദരീ സമ്മേളനം എന്നിവയും നടക്കും. ജിത്തു ജോർജിന്റെ നേതൃത്വത്തിൽ നാഷണൽ കയർ ആരാധനയ്ക്ക് നേതൃത്വം നൽകും. പാസ്റ്റർമാരായ സജി മാത്യു, വർഗീസ്.കെ.തോമസ്, തോമസ് ജോർജ്, ഇവാ. സാം ശശി എന്നിവർ നേതൃത്വം നൽകും. യുകെക്ക് പുറമേ അയർലണ്ടിൽ നിന്നും ദൈവജനം പങ്കെടുക്കും.

നാഷണൽ സെക്രട്ടറി പാസ്റ്റർ വർഗീസ്.കെ.തോമസിന്റെ നേതൃത്വത്തിൽ വിപുലമായ കമ്മറ്റി രൂപീകരിച്ച് പ്രവർത്തിക്കുന്നു. ഭാരവാഹികളായി പാസ്റ്റർ സജി മാത്യു(കോൺഫ്രൻസ് കൺവീനർ), ഇവാ. സാം ശശി (സെക്രട്ടറി), മാമ്മൻ ജോർജ് (ട്രഷറാർ), ഇവാ.ജോസ്മോൻ പൗലോസ് (പബ്ലിസിറ്റി), ഇവാ. ഡോണി തോമസ് (മീഡിയ), സിസിൽ ചെറിയാൻ (യൂത്ത് കോർഡിനേറ്റർ), പാസ്റ്റർ സന്തോഷ് കുമാർ, പാസ്റ്റർ വിൽസൺ മാത്യു എന്നിവർ പ്രയർ കോർഡിനേറ്റർമാരായും പ്രവർത്തിക്കുന്നു.

## ഐ.പി.സി മലബാർ മേഖല മിഷൻ ഡയറക്ടേഴ്സായി ഡോ.ജോയി എബ്രഹാമും ഡോ.വിൽസൺ വർക്കിയും ചുമതലയേറ്റു

മലബാറിൽ 34 സെന്ററുകളിലായി 534 സഭകളാണ് ഐ.പി.സിക്കുള്ളത്. ഇതിൽ238 സഭകൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. യാതൊരു വിധ സാമ്പത്തിക സഹായങ്ങളുമില്ലാതെ 150 സഭകൾ പ്രവർത്തിക്കുന്നു. 34 പഞ്ചായത്തുകളിൽ പെന്തക്കോസ്ത് കൂട്ടായ്മകൾ ഒന്നും ഇല്ല. നിലവിൽ മലബാറിൽ ചില സെന്ററുകളെ സഹായിക്കുന്നത് ഹൂസ്റ്റൺ, ഡാളസ്, കുവൈറ്റ്, മറ്റു വ്യക്തിപരമായ സഹായങ്ങളുമാണ് ലഭിക്കുന്നത്. മലബാറിലെ സുവിശേഷ മുന്നേറ്റത്തിനായി മറ്റു മിഷൻ ഡയറക്ടറുമാരെയും നിയമിക്കുന്നതിനായി മലബാർ മേഖല തീരുമാനിച്ചതായി മേഖല സെക്രട്ടറി പാസ്റ്റർ ബിജോയ് കുര്യാക്കോസ് പറഞ്ഞു. പുതുതായി ആരംഭിക്കുന്ന 50 പ്രവർത്തന മേഖലകൾക്ക് ഇരുവരും നേതൃത്വം നൽകും.

തൃശൂർ സ്വദേശിയായ ഡോ. ജോയി എബ്രഹാം മികച്ച വേദ അദ്ധ്യാപകനും പ്രസംഗകനും സംഘാടകനും ആണ്. അമേരിക്കയിലെ ഒർലാന്റോ ക്രിസ്ത്യൻ അസംബ്ലിയുടെ സീനിയർ പാസ്റ്ററായ ഡോ.ജോയ് എബ്രഹാം പിസിനാക്ക് നാഷണൽ കൺവീനർ, ഐ.പി.സി നോർത്ത് അമേരിക്കൻ സൗത്ത് ഈസ്റ്റ് റീജിയൻ പ്രസിഡന്റ്, പി.വൈ.പി.എ കേരളാ സ്റ്റേറ്റ് വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

മലപ്പുറം സ്വദേശിയായ ഡോ. വിൽസൺ വർക്കി വിവിധ സെമിനാരികളിൽ വേദ അദ്ധ്യാപകനാണ്. കോട്ടയം ഐ.പി.സി സെമിനാരിയിൽ അക്കാദമിക് ഡീനായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ ന്യൂയോർക്കിലുള്ള ഇന്ത്യാ ക്രിസ്ത്യൻ അസംബ്ലിയിൽ സീനിയർ പാസ്റ്ററായി പ്രവർത്തിക്കുന്നു.

**എറ്റേണൽ വോയ്സ്** വാർത്താ പത്രിക എല്ലാ മാസവും 5-ന് തിരുവല്ലായിൽ നിന്ന് പോസ്റ്റ് ചെയ്യുന്നു. വാർത്തകൾ, പരസ്യങ്ങൾ, പഠനങ്ങൾ, കഥ, കവിത എന്നിവ എല്ലാ മാസത്തിന്റെയും 15-ന് മുമ്പായി ഓഫീസിൽ ലഭിക്കുന്ന നിലയിൽ അയച്ചായും. കൂടാതെ ഈ- പേപ്പറായി വായിക്കുവാൻ ആഗ്രഹിക്കുന്നവർ ഈ-മെയ്ൽ അയച്ചുതരിക..... ഈ പത്രം ഒരു ആത്മീക ശുശ്രൂഷയുടെ ഭാഗമാണ്.. **എവരും പ്രാർത്ഥിച്ചാലും**

## ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ് ജനറൽ കൺവൻഷൻ ഒരുക്കങ്ങൾ പുരോഗമിക്കുന്നു

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരള സ്റ്റേറ്റ് 95-ാമത് ജനറൽ കൺവൻഷൻ 2018 ജനുവരി 22 മുതൽ 28 വരെ തിരുവല്ല രാമൻചിറയിലുള്ള സഭാ സ്റ്റേഡിയത്തിൽ വച്ച് നടക്കും. കൺവൻഷൻ തീം റോമർ 12: 11-ന്റെ അടിസ്ഥാനത്തിൽ ''ആത്മാവിൽ എരിവുള്ളവരായി കർത്താവിനെ സേവിപ്പിൻ'' എന്നതാണ്. കൺവൻഷന്റെ സുഗമമായ നടത്തിപ്പിനായുള്ള രണ്ടാമത് ആലോചനാ യോഗം ദൈവസഭാ കേരളാ സ്റ്റേറ്റ് ഓവർസിയറുടെ അദ്ധ്യക്ഷതയിൽ മുളക്കുഴ സീയോൻ കുന്നിൽ നടന്നു. യോഗത്തിൽ സ്റ്റേറ്റ് കൗൺസിൽ അംഗങ്ങൾ, ബിലിവേഴ്സ് ബോർഡ് അംഗങ്ങൾ, മുൻ കൺവൻഷൻ കൺവീനേഴ്സ്, കമ്മറ്റി അംഗങ്ങൾ, സമീപ ഡിസ്ട്രിക്റ്റുകളിലെ ശുശ്രൂഷകന്മാർ, വിശ്വാസികൾ, വിവിധ ഡിപ്പാർട്ട്മെന്റ് ചുമതലക്കാർ, പുതിയതായി കൺവൻഷൻ കമ്മറ്റിയിൽ ചേർന്ന് പ്രവർത്തിക്കുവാൻ താല്പര്യമുള്ളവരെല്ലാം പങ്കെടുത്തു. 2017 സെപ



പാസ്റ്റർ സി.സി. തോമസ്

റ്റംബർ 27 മുതൽ 2018 ജനുവരി 15 വരെ തുടർച്ചയായി ഒരോ ദിവസവും കൺവൻഷന്റെ അനുഗ്രഹത്തിനായി ഉപവസിച്ച് പ്രാർത്ഥിക്കുന്നതിനായി നടത്തിയ ക്രമീകരണം വളരെ ശക്തമായി മുന്നേറുന്നു. കഴിഞ്ഞ ആലോചനാ യോഗത്തിൽ കൺവൻഷന്റെ അനുഗ്രഹത്തിനായി ഒരോ ദിവസവും ഉപവസിക്കുവാൻ തീരുമാനിച്ചവരെ അവർ ഏറ്റെടുത്ത പ്രാർത്ഥന ദിനം ഓർമ്മിപ്പിക്കുവാൻ സ്റ്റേറ്റ് ഓഫിസിൽ നിന്നും വിളിക്കുമ്പോൾ ഏറ്റെടുത്തവരെല്ലാം അത് ഓർത്തിരിക്കുന്നുവെന്നും, ഒരോരുത്തരും തങ്ങളുടെ കർതവ്യം വളരെ വിശ്വസ്തതയോടെ നിർവ്വഹിക്കുന്നു എന്നും ഓവർസിയർ പറഞ്ഞു. എല്ലാ കൺവൻഷൻ കൺവീനറുമാരും കമ്മറ്റി അംഗങ്ങളും ജനറൽ കൺവൻഷന്റെ പ്രഥമ ദിവസം മുതൽ സമാപന ദിവസം വരെ നിർബന്ധമായും കൺവൻഷനിൽ പങ്കെടുക്കണമെന്ന് സ്റ്റേറ്റ് ഓവർസിയർ ഓർമ്മിപ്പിച്ചു. ആർക്കെങ്കിലും അതിന് സാധിക്കുന്നില്ലായെങ്കിൽ അവർ കൺവൻഷൻ കമ്മറ്റിയിൽ ചേരുവാൻ പേര് തരരുതെന്നും അദ്ദേഹം പ്രസ്താവിച്ചു. കൺവൻഷൻ ക്വയറിന് പാസ്റ്റർ വൈ ജോസ് നേതൃത്വം കൊടുക്കും. ദൈവസഭയിൽ പാടുവാൻ കഴിവുള്ളവർക്ക് അവസരം ലഭിക്കേണ്ടതിനും അവരെ വളർത്തിയെടുക്കേണ്ടതിനും ഈ അവസരം ഉപയോഗിക്കുമെന്ന് ഓവർസിയർ പ്രസ്താവിച്ചു. സെലിബ്രറ്റികളായ ഗായകരെ ഭീമമായ തുക കൊടുത്ത് ഒരു ദിവസത്തേക്ക് പാടിക്കുന്നതിലും നമ്മുടെ സഭകളിൽ കഴിവുള്ളവർക്ക് അവസരം ലഭിക്കുന്നതായിരിക്കും ഏറ്റവും നല്ലതെന്ന് അഭിപ്രായവും അദ്ദേഹം പറഞ്ഞു. ഗാന ശുശ്രൂഷ ഏറ്റവും നല്ല രീതിയിൽ നടക്കേണ്ടതിനായി തികഞ്ഞ മുന്നൊരുക്കം ഉണ്ടായിരിക്കണം എന്നും, അതിനു വേണ്ടി ഏറ്റവും അടുത്ത ദിവസം മുതൽ ഗാനപരിശീലനം ആരംഭിക്കണം എന്നും, ആ പരിശീലന പരിപാടിയിൽ സംബന്ധിക്കുവാൻ കഴിയാത്തവർ ഗാനശുശ്രൂഷയിൽ മാറി നില്ക്കണമെന്നും ഓവർസിയർ ഉപദേശിച്ചു. 2018 ജനുവരി 15 മുതൽ കൺവൻഷൻ സ്റ്റേഡിയത്തിൽ ഉപവാസ പ്രാർത്ഥന നടക്കും. ഓവർസിയറുടെ ഈ പ്രസ്താവനയെ വലിയ ആവേശത്തോടെയാണ് ഏവരും ഏറ്റെടുത്തത്. കൺവൻഷനിൽ സ്വദേശത്തും വിദേശത്തുമുള്ള അനേകം ദൈവദാസന്മാർ ദൈവവചനം ശുശ്രൂഷിക്കും. കൺവൻഷൻ ക്വയർ ഗാനങ്ങൾ ആലപിക്കും. പാസ്റ്റർമാരായ ജെ. ജോസഫ്, വൈ. റെജി, ജോൺസൻ ദാനിയേൽ എന്നിവർ നേതൃത്വം നല്കി.

## ചെറുവക്കൽ കൺവൻഷൻ



റവ.ഡോ.ജോൺസൺ ഡാനിയേൽ

ചെറുവക്കൽ: ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ വേങ്ങൂർ സെന്ററിന്റേയും കിളിമാനൂർ ഏരിയയുടേയും ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരിയുടേയും നേതൃത്വത്തിൽ നടത്തപ്പെടുന്ന കൺവൻഷൻ ഡിസംബർ 24-31 വരെ ചെറുവക്കൽ ന്യൂ ലൈഫ് സെമിനാരിയിൽ നടക്കും. സെന്റർ ശുശ്രൂഷകൻ റവ.ഡോ.ജോൺസൺ ഡാനിയേൽ ഉദ്ഘാടനം ചെയ്യുന്ന കൺവൻഷനിൽ പാസ്റ്റർ ജോൺസൺ മേമന, പാസ്റ്റർ അജി ആന്റണി, പാസ്റ്റർ അനീഷ് ഏലപ്പാറ, പാസ്റ്റർ പി.സി. ചെറിയാൻ, പാസ്റ്റർ വർഗ്ഗീസ് എബ്രഹാം, പാസ്റ്റർ ബാബു ചെറിയാൻ, പാസ്റ്റർ സുരേഷ് ബാബു, പാസ്റ്റർ കെ.ജോയി എന്നിവർ വചനം ശുശ്രൂഷിക്കുകയും പത്തനാപുരം ശാലേം വോയ്സ് ഗാനശുശ്രൂഷ നിർവഹിക്കുകയും ചെയ്യുമെന്ന് പാസ്റ്റർ ജിനു ജോൺ, പബ്ലിസിറ്റി കൺവീനർ പാസ്റ്റർ ബിനുമോൻ എം. അറിയിച്ചു.

**എറ്റേണൽ വോയ്സ് വാർത്താ പത്രിക**
**വാർഷിക വരിസംഖ്യ ഇന്ത്യയിൽ 100 മാത്രം**
**വായിക്കുക.... വളരുക.... പ്രോത്സാഹിപ്പിക്കുക**

**എല്ലാ ദിവസവും പുതിയ വാർത്തകളും ലേഖനങ്ങളും വായിക്കുവാൻ നമ്മുടെ ഫെയ്സ് ബുക്ക് പേജ് ലൈക്ക് ചെയ്യുക**
**Eternalvoicenewspaper-**
**https://www.facebook.com/**

## പത്രാധിപർ എഴുതുന്നു....



പാ. റെന്നി ഇടപ്പറമ്പിൽ
(ചീഫ് എഡിറ്റർ)
9446625996



# പരാതിയില്ലാത്ത ജീവിതം

ജീവിതം എന്നും ഒരു വെല്ലുവിളിയിലാണ് തുടരുക, എന്നാൽ ഏതൊരു വെല്ലുവിളിയും നേർക്ക് നേരെ വന്നാലും പരാതിയില്ലാത്ത ജീവിതം നയിക്കുന്നവർ വിരളമാണ്. സമാധാനപരമായ ജീവിതം നയിക്കുക എന്നത് ഒരു ദൈവകൃപ തന്നെയാണ്. മനുഷ്യൻ പല നിലയിൽ ജീവിതം ഉറപ്പിക്കുന്നവരാണ്. ചിലർ സൗമ്യരായി ജീവിക്കുമ്പോൾ മറ്റുചിലർ മുൻകോപികളായും ശാഠ്യം നിറഞ്ഞവരുമാണ്. അതിന് ആത്മീകരെമാത്രമല്ല ഈ ലോകത്തിൽ ജീവിക്കുന്ന ഏതൊരുമനുഷ്യന്റെയും പ്രകൃതമാണിത്. ഇവിടെ ജയകരമായ ഒരു ജീവിതമാണ് ദൈവം ഓരോ വ്യക്തികളിലും ആഗ്രഹിക്കുന്നത്. ദൈവം നിഗളികളെ വെറുക്കുമ്പോൾ തന്നെ ഗർവ്വിയെ അവൻ ദൂരത്ത് നിന്ന് അറിയുന്നു. എന്നാൽ സൗമ്യനായവൻ ദൈവത്തിൽ നിന്നും കൃപ വളരെ അധികം സ്വീകരിക്കുന്നു.

പത്രോസ് അപ്പോസ്തോലൻ പറയുന്നത് അവൻ നിങ്ങളെ തക്കസമത്ത് ഉയർത്തേണ്ടതിന് അവന്റെ ബലമുള്ള കൈയ്യിൽ താണിരിക്കണമെന്നാണ്. എങ്കിലും വലുതും സഫലമായൊരു വാതിൽ തുറന്നിരിക്കുന്നു. എങ്കിലും എതിരാളികൾ അനവതിയുണ്ട്. ദൈവത്താൽ ഉപയോഗിക്കപ്പെടുന്ന അഥവ ദൈവം സ്നേഹിക്കുന്ന ഒരു വ്യക്തിയ്ക്ക് എപ്പോഴും എതിരാളികൾ ഉണ്ട്. അത് സത്യമായ കാര്യമാണ്.

ഏതു പ്രതികൂല സാഹജര്യങ്ങളെയും പുഞ്ചിരിയൊടെ തരണം ചെയ്യണമെങ്കിൽ മാനുഷിക ശക്തികൊണ്ട് നടക്കില്ല, അതിനു പ്രത്യേക ദൈവകൃപ തന്നെ ആവശ്യമായിരിക്കുന്നു. ചില മനുഷ്യർ എത്ര പ്രശനങ്ങൾ നിറഞ്ഞ സാഹജര്യമാണെങ്കിലും എപ്പോഴും സന്തോഷത്തോടെ ഇരിക്കുന്നത് നാം കണ്ടിട്ടില്ലേ?. ഒരു പക്ഷേ വലിയ കടഭാരങ്ങളും മക്കളെക്കുറിച്ചുള്ള പ്രശ്നങ്ങളും ജോലിതിരക്കും അവിടെയുള്ള പ്രശ്നങ്ങളും കൂടാതെ കുടുംബത്തിൽ താൻ നേരിടുന്ന വേദനകൾ തീച്ചൂളയുടെ താഴെത്തട്ടിലായിരിക്കും. എങ്കിലും അവരുടെ മുഖത്ത് ഒരു ഭാരവും വായിച്ചെടുക്കാൻ കഴിയാത്ത രീതിയിൽ ജീവിക്കുന്നവർ നമുക്ക് ചുറ്റും ദർശിക്കാം.

നേരെ മറിച്ച് അവർക്ക് ലഭിക്കേണ്ട മാന്യതകളോ, സ്ഥാനമാനങ്ങളോ, ഉയർച്ചകളോ സ്വന്തം സ്ഥാപനത്തിലോ വീട്ടിലോ, കൂട്ടുകാരുടെ കൂട്ടത്തിലോ, ശുശ്രൂഷാ കാലയളവിലോ ലഭിച്ചില്ലന്നുവരാം. അപ്പോൾ തന്നെ യോഗ്യതയുണ്ടായിട്ടും മറ്റുള്ളവരുടെ അടിച്ചമർത്തൽ നിമിത്തം തഴയപ്പെടുന്ന ജീവിതത്തിന്റെ ഉടമസ്ഥരായ ചിലരെ നമുക്ക് കാണാം. എന്നാൽ അവർ ആയിരിക്കുന്ന സ്വസൈറ്റിയിൽ പരാതിപ്പെടാതെ, പിറുപിറുക്കാതെ നിക്കുന്നവരെ നമുക്ക് കാണാം. അപ്പോൾ തന്നെ അങ്ങനെയുള്ളവർ എന്നും തഴയപ്പെടുന്നു എന്നതും ഒരു തുറന്ന സത്യമാണ്. അങ്ങനെയുള്ളവരെ നമുക്ക് മുൻ പന്തിയൽ കൊണ്ടുവരണം. അവരെ തഴയരുതൊന്ന് ഇവിടെ കുറിക്കട്ടെ. അവരിലെ യോഗ്യതകൾ നാം പരിഗണിക്കപ്പെടണം.

കർത്തൃശുശ്രൂഷയിൽ വർഷങ്ങളായി സേവനം ചെയ്യപ്പെടുന്ന സീനിയർ ദൈവദാസന്മാരെ ഇവിടെ ഈ അവസരത്തിൽ ചർച്ച ചെയ്യപ്പെടേണ്ട വിഷയം തന്നെയാണ്. ഇന്ന് നമ്മുടെ നേതൃത്വത്തിൽ അനേഹ ദൈവദാസന്മാർക്ക് അവർക്ക് കിട്ടേണ്ട പരിഗണന ലഭിക്കാതെ തഴംതാഴ്ത്തപ്പെടുന്നുണ്ട്. വർഷങ്ങളായി അവർ നിലകൊള്ളുന്ന പ്രസ്ഥാനത്തിനുവേണ്ടി ചോരെയും നീരും ഒഴുക്കിയവർ ഇന്നും ഒരു കോണിൽ കിടക്കുന്നു. അവരെ ആദരിക്കാനോ, അവർക്ക് ഒരു കൈതാങ്ങായി നിക്കാനോ ഇന്നും ആരും മുമ്പോട്ട് വരുന്നില്ല, പ്രായം ചെന്നവരെ നാം ബഹുമാനിക്കുന്നുവെന്ന് പറയുക മാത്രമല്ല, അവരെ എത്തിക്കാവുന്ന സ്ഥാനത്ത് നമ്മളാൽ കഴിയുന്ന നിലയിൽ പ്രവർത്തിക്കണം. അവിടെയാണ് നമ്മുടെ മഹത്വം വെളിവാകേണ്ടത്.

പല സ്ഥലങ്ങളിലും ആരാധന ആലയങ്ങൾ പണിതവരും വസ്ഥുവകകൾ വാങ്ങി ദൈവസഭകളെ ഒരു കരയ്ക്ക് എത്തിക്കാൻ ഈ ഭൂമിയിൽ ദൈവം ഉപയോഗിച്ചവരെ മറന്നുകളയുന്ന ഒരു തലമുറയിലാണ് നാം ജീവിക്കുന്നത്. എന്നാൽ ഈ തിരിച്ചറിവേടെ നമുക്ക് മുമ്പേ ദൈവനാമത്തിനായി നെഞ്ചുവിരിച്ച ഭക്തന്മാരെ നാം മറക്കരുത്. ഒരു പക്ഷേ അവർ കേന്ദ്രഓഫീസിന്റ വരാന്തയിൽ നിക്കുന്നില്ലായിരിക്കും രാഷ്ട്രിയം കളിക്കാനും രാഷ്ട്രിയം കളിക്കുന്നവർക്ക് കൂട്ടുനിക്കുന്നവരുമല്ലായിരിക്കും. അവർ ഒരു പൊതുവേദിയിൽ കണില്ലായിരിക്കും എപ്പോഴും എല്ലാ സാഹജര്യത്തിലും അവർ പിന്നിലായിരിക്കും എന്നാൽ അവരെ കൈവിടാത്ത ഒരു ദൈവം അവർക്കുണ്ട്. അവർ പരാതിയുമായി സഭാ പ്രസിഡന്റുമാരെ നേരിൽ കണ്ട് സംസാരിക്കുകയും കരയുകയും ചെയ്യില്ലായിരിക്കും. അവരുടെ അഭിമാനം വിറ്റ് ഒരു വഴിക്കും അവർ പോകാൻ തയ്യാറല്ലാതെ വരുമ്പോൾ നാം അവരെ തിരിച്ചറിയണം. ആവശ്യമായ പരിഗണന കോടുക്കണം.

പ്രായമാകുന്തോറു അവഗണിക്കപ്പെടുന്ന അനുഭവങ്ങൾ പലയിടത്തും പരന്നിരിക്കുന്നു. ഇന്നത്തെ യൂത്ത് പിതാക്കന്മാരിൽ സകലത്തിനും ബഹുമാനം കൊടുക്കുന്നവരാകണം. വിശുദ്ധ വേദപുസ്തകത്തിൽ പൂർവ്വികരായ ദൈവഭക്തന്മാരെ ആദരിച്ചതായി കാണാം. അബ്രഹാം, യിസഹാക്ക്, യാക്കോബ് തുടങ്ങിയ ഭക്തന്മാരെ പേരെടുത്ത് ബഹുമാനം പരകുന്നത് ഉടനീളം മനസ്സിലാക്കാം.

നമ്മുടെ ഇടയിൽ നിരവധിപേർ അവർക്ക് നേരിടുന്ന പ്രതികൂലത്തിലും താഴ്ചയിലും മറ്റുള്ളവരോട് പരാതി പറയുന്നതായി കാണാൻ കഴിയാത്തവരുണ്ട് എന്നുള്ള കാര്യം മറക്കരുത്. എന്നാൽ നേരെ തിരിച്ച് എന്തെടുത്താലും പരാതി പറയുന്നത് വ്യക്തതയാർന്ന കാര്യമാണ്. ഭവനത്തിൽ അമ്മാവിയമ്മ മരുമകളോട്, മരുമരൾ അമ്മാവിയമ്മയോട്, ഭാര്യ ഭർത്താവിനോട്, ഭർത്താവ് ഭാര്യയോട്, അദ്ധ്യാപകർ കുട്ടികളോട്, കുട്ടികൾ മാതാപിതാക്കളോടും അദ്ധ്യാപകരോടും പരാതി പറയുന്നു. എന്നാൽ വിശുദ്ധ വേദപുസ്തകം ഈ കാര്യത്തോട് എതിർത്ത് നിൽക്കുന്നത് കാണാം. എന്നാൽ യേശു തന്റെ പരസ്യകാല ശുശ്രൂഷയുടെ അവസാന കാലഘട്ടത്തിൽ മലയിൽ തനിയെ പ്രാർത്ഥിക്കുമ്പോൾ തന്റെ ക്രൂശീകരണം യേശു മനസ്സുകൊണ്ട് പ്രാർത്ഥനയിൽ പിതാവിൻ നിന്ന് വാങ്ങിയപ്പോൾ അതിന്റെ കാഠിന്യം യേശു മനസ്സിലാക്കി ആദ്യവും അന്തവുമായി അവിടെ പിതാവാം ദൈവത്തോട് തന്റെ സങ്കടങ്ങൾ രക്തം വീയർപ്പുതുള്ളിയായി ഒഴുക്കി പറഞ്ഞത് ഒരു പിറുപിറുപ്പുപോലെയാണ് എന്നു ചിന്തിക്കുന്നതിൽ തെറ്റില്ലായെന്നാണ് എന്റെ ഒരു നിഗമനം. എന്നാൽ യേശു അതിനെ ഉടൻ തന്നെ ജയിച്ചു.

യേശു പിതാവിനോട് അതെ സഹാജര്യത്തിൽ, അതെ പ്രാർത്ഥനയിൽ, അതെ പ്രാർത്ഥന സ്ഥലത്ത്, അതെ സമയത്ത് തന്നെ ഇരുന്ന് മറ്റുള്ളവരുടെ സാന്നിത്യം ഇല്ലാതെ പാതാവാം ദൈവത്തോട് താൻ തിരുത്താൻ ശ്രമിച്ചു. താൻ പറഞ്ഞ വാക്കുകൾ ഒരു പരാജിതനായ മനുഷ്യന്റെ വാക്കുപോലെ സ്വർഗ്ഗത്തിൽ ചലിച്ചുവെന്ന് തിരിച്ചറിഞ്ഞ നമ്മുടെ അരുമ മണവാളൻ അതെ അദ്ധ്യായത്തിൽ തന്നെ എങ്കിലും എന്റെ താല്പ്പര്യനല്ല, അവിടുത്തെ താല്പ്പര്യം എന്നിൽ നിറവേറട്ടെയെന്ന് യേശു തന്നിൽ പൊങ്ങിവന്ന പിറുപിറുപ്പിനെ, അഥവ ഭാരങ്ങളാൽ ഉരിത്തിരിഞ്ഞ വാക്കുകളെ പിൻവളിക്കുന്നത് എത്ര ചിന്തനിയമാണ്.

അബ്രഹാം, തന്റെ കൂടാരത്തിൽ വന്ന ദൂതന്മാർക്ക് അപ്പവും ഇറച്ചിയും പകർന്നു കൊടുത്തങ്കിലും തന്റെ വീട്ടിൽ താൻ നേരിടുന്ന കുറവുകളെപ്പറ്റി ഒരു വാക്കും ദൈവത്തിന്റെ ദൈസനായ അബ്രഹാം പറഞ്ഞതായി കാണുന്നില്ല. എന്നാൽ അബ്രഹാം പകരത്തിന് പകരം തന്റെ തൊഴിച്ചിൽ നിന്ന ഊനമില്ലാത്തതും തടിച്ചുകൊഴുത്തതും ഇളപ്പമുള്ളതുമായ പശുവിനെ അറുത്തും മൂന്ന് ഇടങ്ങഴി മാവിന്റെ അടയും ചുട്ട് സാറായും അബ്രഹാമും ഊട്ടിപ്പോറ്റിയപ്പോഴും ഒരു പരാതിയും ഇല്ലായിമയും വല്ലായിമയും താനും തന്റെ കുടുംബവും അവിടെ ഉന്നയിച്ചില്ല. മറിച്ച് അവിടെ കാണുന്നത് അവരെ സാഷ്ടാങ്കം വീണു നമസ്ക്കരിച്ചുവെന്നാണ്. എന്നാൽ ഭക്തന്റെ വീട്ടിൽ വിരുന്നുകഴിച്ച ദൂതന്മാരോട് അബ്രഹാം തന്റെ കാര്യങ്ങൾ പറഞ്ഞ് സാധിക്കാതെ ഇരുന്നപ്പോൾ ദൈവം അവന്റെ കാര്യം വെളിപ്പെടുത്തി, ദൈവം ആ വീട്ടിലെ കുറവ് തീർത്ത് ഒരു പുരുഷപ്രജയെ തന്നെ അടുത്ത വർഷം കൊടുക്കാമെന്ന് ഉറപ്പുനൽകി. വിശുദ്ധ വേദപുസ്തകത്തിൽ ഒരു ഭാഗത്തും അബ്രഹാം പിറുപിറുത്തതായി അഥവ മനുഷ്യനോടൊ, ദൈവത്തോടോ പരാതിപ്പെട്ടിട്ടുള്ളത് കാണുനില്ല.

ദാവീദിന്റെ മേൽ അഭിഷേക തൈലം വീണപ്പോഴും അപ്പന്റെ ആടുകളെ മെയ്ക്കുമ്പോഴും തന്റെ അപ്പന്റെ വീട്ടിൽ നിന്നും താൻ തനിച്ചായപ്പോഴും പരാതിപ്പെട്ടതായി കാണുന്നില്ല. പകരം അവന്റെ സാഹജര്യത്തിൽ നിന്നുകൊണ്ട് അവൻ ദൈവത്തെ ആത്മാവിലും സത്യത്തിലും ആരാധിച്ചു.

തന്റ സഹോദരങ്ങൾ തന്നെ തള്ളിയപ്പോഴും മാതാപിതാക്കൾ വേണ്ട സഹായസഹകരണങ്ങളും കൊടുക്കാതെ അവനെ ആടിനെ മെയിക്കാനല്ലാതെ മറ്റൊന്നിനും കൊള്ളില്ലായെന്ന് വിധി കുറിച്ചപ്പോഴും അവൻ പരാതിപറഞ്ഞ് തന്റെ സമയം കളഞ്ഞില്ല, പകരം അവൻ വീണ്ടെടുപ്പുകാരന്റെ മുഖത്തേയ്ക്ക് നോക്കി.

റ്റൊരു ഭാഗത്ത് ശരീരം മുഴുവനും പുഴുക്കൾ നിറഞ്ഞ് ശരീരത്തിലൂടെ വെണ്ണ ഒഴുകുന്നതുപോലെ പുഴുക്കൾ ഒഴുകിയിറങ്ങിയപ്പോഴും തന്റെ മക്കൾ കൂട്ടത്തോടെ നഷ്ടപ്പെട്ടപ്പോഴും സ്വന്തം കൂട്ടപകാരും തള്ളി ഏക ആശ്രയമായിരുന്ന ഭാര്യ നീ പോയി ചത്തുകൂടെ എന്നു വിളിച്ചുപറഞ്ഞപ്പോഴും താൻ തന്നെ വീണ്ടെടുത്ത വീണ്ടെടുപ്പുകാരനെ മാത്രം ആശ്രയിച്ച് താൻ ഭൂമിയിൽ സ്നേഹിച്ച ഭാര്യയോട് യഹോവ തന്നു യഹോവ എടുത്തു യഹോവയുടെ നാമം മഹത്വപ്പെടട്ടെ എന്നുപറഞ്ഞ് തന്റ ജീവിതം പാരാതിയുടെ പടുകുഴിയിൽ തള്ളിയിടാതെ ജീവിതം സമർപ്പിച്ച ഇയ്യോബിന്റെ ചരിത്രം എത്ര വലുതാണ്. ഇന്ന് അദ്ദേഹത്തിന്റെ ശവകുടീരം മസ്ക്കറ്റിൽ സലാലയിൽ ഇന്നും ആയിരങ്ങൾക്ക് സാക്ഷിയായി തീരുന്നു.

നമുക്കും ദൈവം തന്ന ജീവിതെ എഴുപത്, ഏറെയായാൽ എമ്പത് മാത്രമുള്ള ഈ ജീവിതം പരാതിയില്ലാതെ മറ്റുള്ളവരുടെ മുമ്പിൽ ഒരു സക്ഷിയായി തീരാം, വേദനയില്ലാത്ത, രാത്രിയില്ലാത്ത, നീതി സൂര്യൻ ഉദിച്ചുയരുന്ന നിത്യ രാജ്യവും ഭവനവും നമുക്കായി ഒരുക്കുന്ന നമ്മുടെ മശിഖായുടെ കൂടെ നമുക്കും വസിക്കാൻ ഒരുങ്ങാം. നമ്മുടെ പരാതി സർവ്വശക്തനിൽ സമർപ്പിച്ച് അവനായി ജീവിക്കാം. പ്രതിഫലം അവന്റെ പക്കലുണ്ട്, അവൻ വീതിക്കുമ്പോൾ നമുക്കും ഒരു ഓഹരിയുണ്ട്. ഈ ലോകത്തിൽ നാം അനുഭവിച്ച കഷ്ടതയ്ക്കും ഒറ്റപ്പെടലിനും അവനിലെ പ്രതിഫലം സ്വീകരിക്കൻ കഴിയും.

**ചീഫ് എഡിറ്റർ:**
**പാസ്റ്റർ റെന്നി ഇടപ്പറമ്പിൽ**
**പബ്ലീഷർ:**
**സിസ്റ്റർ ലിജി റെന്നി ഇടപ്പറമ്പിൽ**
**മാനേജർ:**
**പാസ്റ്റർ ഇ.ജെ തോമസ്കുട്ടി**

ലേഖനങ്ങൾ, കഥ, കവിത, അനുഭവങ്ങൾ, ഫീച്ചർ, പരസ്യങ്ങൾ തുടങ്ങിയവ അയയ്ക്കേണ്ടുന്ന വിലാസം
**എറ്റേണൽ വോയ്സ്**
പോസ്റ്റ് ഓഫീസ് റോഡ്, വെണ്ണിക്കുളം പി. ഒ തിരുവല്ല- 689 544

## ആവശ്യമുണ്ട്

**ഗ്രെയ്സ് മിഷൻ മിനിസ്ട്രിയുടെ വിവിധ പ്രവർത്തന മേഖലകളെ സാമ്പത്തികമായി സഹായിക്കുവാൻ ദർശനവും ആത്മഭാരവും ഉള്ളവരെ ഞങ്ങൾക്ക് ആവശ്യമുണ്ട്. താല്പ്പര്യമുള്ള സഹോദരങ്ങൾ ഞങ്ങളെ വിളിച്ചാലും. ദൈവം ഏൽപ്പിക്കുന്ന എല്ലാ പ്രവർത്തനങ്ങളിലും വിശ്വസ്തതയോടെ നിങ്ങളുടെ സഹോദരങ്ങൾ..**

**സെക്രട്ടറി- 0469 2751000/09446625996**



# എറ്റേണൽ ഡോക്സ ബൈബിൾ ക്വിസ്

സിസ്റ്റർ : **ലിജി റെന്നി ഇടപ്പറമ്പിൽ**
ഭാഗം 2

സിസ്റ്റർ ലിജി റെന്നി ഇടപ്പറമ്പിൽ തയ്യാറാക്കുന്ന ചോദ്യങ്ങൾക്ക് ബൈബിൾ റഫറൻസോടുകൂടി ഉത്തരങ്ങൾ എഴുതി എല്ലാ മാസവും 25 ന് മുമ്പ് ഓഫീസിൽ അയക്കുവരുടെ പേരുകൾ പ്രസിദ്ധീകരിക്കുതും കൂടാതെ 12 മാസം മുടങ്ങാതെ ശരി ഉത്തരങ്ങൾ ചെയ്യുവർക്ക് മനോഹരമായ സമ്മാനങ്ങൾ കൊടുക്കുതാണ്. ഉല്പത്തി മുതൽ വെളിപ്പാടു വരെയുള്ള പുസ്തകത്തിൽ നിന്നും പൊതുവായിട്ടാണ് ചോദ്യങ്ങൾ തയ്യാറാക്കിയിരിക്കുത്.

9400484880 / deepamnews2011@gmail.com

1. മോശയ്ക്ക് പ്രവാചകനായിരുന്നവനാര്?
2. അഹരോനുശേഷം പുരോഹിതനായത് ആര്?
3. അഹരോന്റെ കൊച്ചുമകന്റെ പേരെന്ത്?
4. എങ്ങനെയാണ് യേശുവും ശിഷ്യന്മാരും ഒലിവു മലയിലേക്ക് പോയത്?
5. അത്തിയുടെ കീഴിൽ ഇരുന്നവൻ എന്ന് യേശു ആരെക്കുറിച്ച് പറഞ്ഞു?
6. ന്യായപ്രമാണത്താൽ ഉാകുന്നതെന്ത്?
7. ഔഗുസ്ത്യ പട്ടാളത്തിന്റെ ശതാധിപന്റെ പേര്?
8. ഹന്നാ പ്രവാചകി എത്ര സംവത്സരം വിധവയായിരുന്നു?
9. കഷ്ടപ്പാടിന്റെ ആധിക്യം കൊ് എന്തുാകുന്നു?
10. ദീർഘായുസ്സോടു കൂടെയിരിക്കുന്ന പക്ഷി ഏതാണ്?
11. രു പ്രാവശ്യം പൊങ്ങി വരാത്തത് എന്ത്?
12. സെരുബ്ബാബേലിന്റെ പിതാവിന്റെ പേരെന്ത്?
13. എലീഹുവിന്റെ വംശം?
14. ക്ലെയോപ്പാവിന്റെ ഭാര്യയുടെ പേര്?
15. മെലിത്ത ദ്വീപിലെ ദ്വീപുപ്രമാണിയുടെ പേര്?

**കഴിഞ്ഞ ലക്കം ശരി ഉത്തരങ്ങൾ അയച്ചത്**

ജോളി മാത്യു. വെണ്ണിക്കുളം, ഷൈനി ജോമോൻ, വെണ്ണിക്കുളം,
സിന്ദു ജോയി കൊല്ലംകോട്, ബിബിൻ തമ്പി പാലക്കാട്

**ശരി ഉത്തരങ്ങൾ അയയ്ക്കേണ്ടുന്ന വിലാസം**

എഡിറ്റർ
എറ്റേണൽ വോയ്സ്
വെണ്ണിക്കുളം പി. ഒ. തിരുവല്ല 689 544
പത്തനംതിട്ട- കേരളാ, ഇന്ത്യാ
**9400484880**

# ക്രിസ്തീയ സാഹിത്യ പത്രപ്രവർത്തക കൂട്ടായ്മയ്ക്കു തുടക്കമായി

**കടുത്തുരുത്തി:** ക്രിസ്തീയ എഴുത്തുകാരുടേയും പത്രപ്രവർത്തകരുടേയും കൂട്ടായ്മയായ അസ്സോസിയേഷൻ ഓഫ് ക്രിസ്ത്യൻ തിങ്കേഴ്സിനു (ACT ) തുടക്കമായി. സെപ്റ്റംബർ 25 നു കടുത്തുരുത്തിയിലുള്ള ഐ.പി.സി വൈക്കം സെന്ററിന്റെ ഓഫീസിൽ നടന്ന പ്രഥമ യോഗത്തിൽ വിവിധ ക്രൈസ്തവ പത്രങ്ങളുടെ ഭാരവാഹികളും എഴുത്തുകാരും സംബന്ധിച്ചു. ബ്രദർ കെ. എൻ. റസ്സൽ അദ്ധ്യക്ഷത വഹിച്ചു. പത്രപ്രവർത്തകരും എഴുത്തുകാരും നേരിടുന്ന വെല്ലുവിളികളെ ഒരുമിച്ച് നിന്ന് നേരിടുന്നതിനും പരസ്പരം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ഒരു കൂട്ടായ്മ എന്ന നിലയിലാണ് ഇതാരംഭിക്കുന്നത് എന്നും സാമൂഹിക തിന്മകൾക്കെതിരെ പ്രതികരിക്കുകയും വളർന്നു വരുന്ന എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുക എന്നിവയാണ് ലക്ഷ്യമെന്നും അദ്ധ്യക്ഷൻ പ്രസ്താവിച്ചു. പാസ്റ്റർ രാജു ആനിക്കാട് ഉദ്ദേശ്യലക്ഷ്യങ്ങൾ വിവരിച്ചു. പാസ്റ്റർ അനിൽ കൊടിത്തോട്ടം ചർച്ചകൾക്ക് നേതൃത്വം നൽകി. രണ്ടു വർഷത്തേക്കുള്ള ഭാരവാഹികളായി ബ്രദർ തോമസ് വടക്കേക്കൂറ്റ് (രക്ഷാധികാരി), ബ്രദർ കെ. എൻ. റസ്സൽ (പ്രസിഡന്റ്), പാസ്റ്റർ ജെ. ജോസഫ്, പാസ്റ്റർ വർഗീസ് മാത്യു (വൈസ് പ്രസിഡന്റുമാർ), പാസ്റ്റർ രാജു ആനിക്കാട് (ജനറൽ സെക്രട്ടറി), പാസ്റ്റർ ഷിബു.കെ.മാത്യു (ട്രഷറാർ), ബ്രദർ സജി ഫിലിപ്പ് തിരുവഞ്ചൂർ (സെക്രട്ടറി), ബ്രദർ സാംകുട്ടി മാത്യു (പ്രസ് സെക്രട്ടറി), മാത്യു പാലത്തുങ്കൽ (മീഡിയ കൺവീനർ), പാസ്റ്റർ സന്തോഷ് ജോസഫ്, ബ്രദർ പീറ്റർ ജെയിംസ് (ഓൺലൈൻ കോഡിനേറ്റേഴ്സ്) എന്നിവരേയും കമ്മറ്റി അംഗങ്ങളായി ബ്രദർ ജെയ്സ് പാണ്ടനാട്, പാസ്റ്റർ അനിൽ കൊടിത്തോട്ടം, പാസ്റ്റർ സി. സി. ജോണി, പാസ്റ്റർ മാർട്ടിൻ വർഗീസ്, ബ്രദർ ഷാനവാസ് എസ്., പാസ്റ്റർ സജി നെടുങ്കണ്ടം, പാസ്റ്റർ ഷൈജു ഞാറയ്ക്കൽ എന്നിവരേയും തിരഞ്ഞെടുത്തു.

# എഫഥാ- തുറന്നുവരിക



ജെ പി വെണ്ണിക്കുളം

യേശു വിക്കനായ ഒരു ചെകിടനെ സൗഖ്യമാക്കുന്ന ഭാഗം മർക്കോസ് 7:31-37 വരെ വാക്യങ്ങളിൽ വായിക്കുന്നു. യേശു വീണ്ടും ഗലീലതീരത്തു എത്തുന്നു. ഇവിടെ വായിക്കുന്ന അത്ഭുതം ഈ സുവിശേഷത്തിൽ മാത്രം കാണുന്നതാണ്. എട്ടാം അദ്ധ്യായം 22-26 വരെ വാക്യങ്ങളിൽ കാണുന്ന അന്ധന്റെ സൗഖ്യവും മർക്കോസിൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്നു. ഇതു രണ്ടും പുറജാതികളോടുള്ള ബന്ധത്തിലാണ് നടക്കുന്നത്. ഇവിടെ വിക്കനും ചെകിടനുമായ ഒരു മനുഷ്യൻ, വിക്കിവിക്കി എന്തോ ശബ്ദം പുറപ്പെടുവിക്കുന്നുണ്ടായിരുന്നു. അവനു സൗഖ്യം വരേണ്ടതിനു ഒരു പ്രത്യേക മാർഗ്ഗമാണ് കർത്താവ് ഇവിടെ അവലംബിക്കുന്നത്. യേശു അവനെ പുരുഷാരത്തിൽ നിന്നും വേറിട്ടു കൊണ്ടുപോയി അവന്റെ ചെവിയിൽ വിരലിട്ടു, തുപ്പിയ ശേഷം അവന്റെ നാവിനെ തൊടുന്നു. യേശു സ്വർഗ്ഗത്തിലേക്ക് നോക്കി 'എഫഥാ' എന്ന് പറഞ്ഞു. ഉടനെ അവന്റെ ചെവി തുറന്നു, നാവിൻറെ കെട്ടും അഴിഞ്ഞു. അവൻ ശരിയായി സംസാരിച്ചു. ഇതാണ് അവിടെ സംഭവിച്ചത്. ഇന്നും ജീവിതത്തിന്റെ സമസ്ത മേഖലകളിലും വിടുതൽ ആഗ്രഹിക്കുന്ന ധാരാളം ആളുകൾ ഉണ്ട്. അവരെല്ലാം വിടുതൽ പ്രാപിക്കുന്നുണ്ടോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. എന്നാൽ ആര് യേശുവിലേക്കു നോക്കുന്നുവോ അവർക്കു ശാശ്വത വിടുതൽ പ്രാപിക്കാം. മനുഷ്യന്റെ ആശ്വാസ വാക്കുകൾക്കു പരിമിതികളുണ്ട്. ദൈവമോ സകലരുടെയും അവസ്ഥ ഉള്ളതുപോലെ അറിയുന്നു. അവിടുത്തേക്ക് ഒന്നും മറഞ്ഞിരിക്കുന്നില്ല. നമുക്ക് മുന്നിൽ പല വഴികളും അടഞ്ഞതാണ്. എന്നാൽ യേശുവിനു മുന്നിൽ തുറക്കാത്ത വഴികളില്ല. അതിനാൽ ഒരു ക്രിസ്തുവിശ്വാസിക്ക് ഭാരപ്പെടേണ്ടതില്ല. കരുതുന്ന കർത്താവ് കൂടെയുണ്ട്. അസാധ്യമെന്നു ചിന്തിക്കുന്ന വിഷയങ്ങളോട് വിശ്വാസത്താൽ പറയുക, 'എഫഥാ'. അത് നിങ്ങൾക്കായി തുറന്നുവരും. ഇന്നത്തെ ദുഃഖം സന്തോഷമായിത്തീരും. അതെ യേശു കൂടെയുണ്ടെങ്കിൽ സകലതും നമുക്ക് 'എഫഥാ'.

**സഹോദരിമാരോട്..**

# വിശ്വസ്തയായ സ്ത്രീ

**ഷീലാ ദാസ് , കീഴൂർ.**



വേദപുസ്തകത്തിൽ അനേക വിശ്വസ്തസഹോദരിമാരെ നാം കാണുന്നു. അതിൽ വളരെ മുൻപന്തിയിൽ നിൽക്കുന്ന ആളാണു ലുദിയ. പൗലോസിനുണ്ടായ ദർശനത്തിന്റെ വെളിച്ചത്തിൽ യൂറോപ്പിലേക്ക ദ്ദേഹം എത്തി.അങ്ങനെ മക്കദോന്യയിലെ പ്രധാനപട്ടണമായ ഫിലിപ്പിയയിൽ ചെന്നു. അവിടെ പ്രസംഗിക്കേണ്ടത് സിന്നഗോഗുകളിൽ ആണെങ്കിലും ദൈവാത്മപ്രേരണയാൽ പ്രസംഗിച്ചത് പുഴവക്കത്ത് ആയിരുന്നു.നാം എവിടെ എന്തു ചെയ്യണം എന്ന് തീരുമാനിക്കുന്നത് ദൈവം ആണു. ഒരു പക്ഷേ പൗലോസ് സിന്നഗോഗു നോക്കി പോയെങ്കിൽ ഒരിക്കലും ലുദിയ കർത്ത്യാവിന്റെ അടുത്ത് ആദ്യം എത്തുമായിരുന്നില്ല. ദൈവത്തിനു ഉദ്ദേശ്യമുള്ളവരെ , ദൈവദന്നിധിയിൽ എത്തിക്കുവാൻ നമ്മുടെ വഴികൾ ചിലപ്പോൾ മാറ്റിവിടും. അപ്പോൾ നാം കർത്താവിനോട് മുഷിയരുത്. ഒടുവിൽ നാം ദൈവീക പദ്ധതി തിരിച്ചറിയും.

പുഴവക്കത്ത് എത്തിയപ്പോൾ സ്ത്രീകൾ കൂടിവന്നപ്പോൾ, പ്രാർത്ഥനാസ്ഥലം അന്വേഷിച്ചുവന്നവർ അവിടെ തന്നെ സംസാരിക്കാൻ തുടങ്ങി.രക്താംബരം വിൽക്കുന്ന ലുദിയയെ ദൈവം അവിടെ കൊണ്ടുവന്ന് അവളുടെ ഹൃദയം തുറന്ന് കൊടുത്തു.അവൾ യേശുവിനെ സ്വീകരിച്ചു. വളരെ വിലകൂടിയ വസ്ത്രവിൽപ്പനക്കാരിയാണു അവൾ. രാജാക്കന്മാരും ധനികരും ഉപയോഗിക്കുന്ന വസ്ത്രമാണു അത്. വളരെ സാമ്പത്തിക സൗകര്യങ്ങൾ ഉള്ള സ്ത്രീയായിരുന്നു അവർ. സാധാരണയ് ആയി ബിസിനസ്സുകാർ സുവിശേഷം അങ്ങീകരിക്കാൻ വിഷമം ഉള്ളവരാണു. അവരുടെ സാമ്പത്തിക ലാഭം മാത്രം ശ്രദ്ധിക്കുമ്പോൾ., ദൈവം അവളെ ആ പുഴവക്കത്ത് കൊണ്ടുവന്നു അവളെ സ്നേഹിക്കുന്നു എന്ന് വെളിപ്പെടുത്തി. അനേകർ ക്രൂശിനെ അവഗണിച്ച് ലോകകാര്യങ്ങൾക്കുവേണ്ടി മാത്രം ജീവിക്കുമ്പോൾ ഏത് സ്ഥിതിയിൽ ഉള്ളവരെയും ദൈവം കാത്തിരിക്കുന്നു എന്ന് ലുദിയയുടെ ചരിത്രത്തിലൂടെ നമ്മോട് സംസാരിക്കുന്നു.

ലുദിയ വചനം കേട്ടു, കർത്താവ് ഹൃദയം തുറന്നു, അവൾ വീടും കർത്താവിനായി തുറന്നു. നാം പലതു കർത്താവിനുവേണ്ടി കൊടുക്കുന്നവരാണു. എന്നാൽ ആരും.സുവിശേഷത്തിനു വേണ്ടി ഇറങ്ങാൻ തയ്യാറാകാത്ത സമയത്ത് നമ്മുടെ നാട്ടിൽ കർത്താവിനുവേണ്ടി നാം നമ്മുടെ വീട് തുറന്നു കൊടുക്കാൻ തയ്യാറാകുമോ?,നാം മറ്റുള്ളവർ ചെയ്യുന്നത് നോക്കി ചെയ്യുകയാണു. എന്നാൽ മറ്റാരും ചെയ്യാത്തത് കർത്താവിനു വേണ്ടി ആദ്യം ചെയ്യാൻ തയ്യാറാകുന്നെങ്കിൽ അത് ദൈവം കുറിച്ചു വെക്കും.

മറ്റുള്ളവരുടെ ദർശനം നാം ഏറ്റെടുത്താൽ നാം ലജ്ജിക്കപ്പെടും.എന്നാൽ ഇന്നു വരെ ആരും ചെയ്യാത്ത ചിലത് ലുദിയയെപ്പൊ അലെ നമ്മുടെ ദേശത്ത് ഗ്രാമങ്ങളിൽ പട്ടണങ്ങളിൽ

> ***എന്നാൽ ആരും. സുവിശേഷത്തിനു വേണ്ടി ഇറങ്ങാൻ തയ്യാറാകാത്ത സമയത്ത് നമ്മുടെ നാട്ടിൽ കർത്താവിനുവേണ്ടി നാം നമ്മുടെ വീട് തുറന്നു കൊടുക്കാൻ തയ്യാറാകുമോ?, നാം മറ്റുള്ളവർ ചെയ്യുന്നത് നോക്കി ചെയ്യുകയാണു. എന്നാൽ മറ്റാരും ചെയ്യാത്തത് കർത്താവിനുവേണ്ടി ആദ്യം ചെയ്യാൻ തയ്യാറാകുന്നെങ്കിൽ അത് ദൈവം കുറിച്ചു വെക്കും.***

ചെയ്യാൻ കർത്താവ് നമ്മിലൂടെ ആഗ്രഹിക്കുന്നു. നാം കർത്താവിന്റെ ഹിതം തിരിച്ചറിയണം. മാന്യതയുള്ള ആ സ്ത്രീയെ ജനം അംഗീകരിച്ചു.കർത്താവ് നമ്മെ അംഗീകരിച്ചെങ്കിൽ കാത്തിരിക്കുക.ജനം നമ്മെ അംഗീകരിക്കും.യൂറോപ്പിലെ ആദ്യത്തെ കൂടിവരവ് ദൈവം എവിടെ തുടങ്ങണം എന്ന് ദൈവം ലോകസ്ഥാപനത്തിനു മുൻപേ തീരുമാനിച്ചപ്പോൾ ലുദിയയെ കണ്ടു. ബിസ്സിനസ്സുകാരിയായി ലോകം അവളെ കണ്ടു , വിശ്വസ്ത സ്ത്രീയായി ദൈവം അവളെ കണ്ടു. സഹോദരിമാരേ, ദൈവം നമ്മെ ശ്രദ്ധിക്കുന്നു നിങ്ങൾ ഇപ്പോൾ ആരാണെന്നല്ല നാളെ നിങ്ങൾ ആരാകും എന്ന് അറിയാവുന്ന ദൈവം നിങ്ങളെ നടതൃകയാണു. നമുക്കും ദൈവഹിതപ്രകാരം വിശ്വസ്തരാകാം.

**നിത്യതയിൽ**

**ഫെമി മനോജ് (14)**

തിരൂർ കൊടക്കലിൽ അസംബ്ലീസ് ഓഫ് ഗോഡ് സഭാംഗമായ കുന്നംകോടിൽ മനോജിന്റേയും ബീനയുടേയും മകൾ ഫെമി മനോജ് (14) നിത്യതയിൽ പ്രവേശിച്ചു. കൂത്തുപറമ്പിൽ പ്രവർത്തിക്കുന്ന അസംബ്ലീസ് ഓഫ് ഗോഡ് ചർച്ച് പാസ്റ്റർ ഹെൻസിൽ ജോസഫിന്റെ സഹോദരപുത്രിയാണ് പരേതയായ ഫെമിമോൾ.

സംസ്കാര ശുശ്രൂഷ 2017 ഒക്ടോബർ 10നു രാവിലെ 8 മണിയോടെ ആരംഭിച്ച് 11 മണിയോടെ കൊടക്കൽ അസംബ്ലീസ് ഓഫ് ഗോഡ് ചർച്ച് സെമിത്തേരിയിൽ വച്ച് നടത്തി.
ഏകസഹോദരൻ: ജിതിൻ.

**അന്നമ്മ ജോൺ (93)**

ബെംഗളൂരു: മാവേലിക്കര തൈയ്യിൽ പുത്തൻവീട്ടിൽ പരേതനായ റ്റി.ഡി.ജോണിന്റെ ഭാര്യ അന്നമ്മ ജോൺ (93) 115,1 ക്രോസ്, ആശലേയാ ലേ ഔട്ട്, ഗധലഹള്ളി, ബാംഗ്ലൂരിൽ മകന്റെ വസതിയിൽ നിര്യാതയായി. സംസ്കാരം 14/10/17 ശനി രാവിലെ 9.30ന് ഹെന്നൂർ ജംഗ്ഷന് സമീപം ഗാർഡൻ സിറ്റി എ.ജി.ചർച്ചിലെ ശുശ്രൂഷകൾക്ക് ശേഷം 12ന് ഹൊസൂർ റോഡ് ക്രിസ്ത്യൻ സെമിത്തേരിയിൽ.

മക്കൾ: റ്റി.ജെ.ജേക്കബ്, റ്റി.ജെ.മാത്യു, റവ.റ്റി.ജെ.തോമസ്, ഗ്രേസി വർഗീസ്, മേഴ്സി തോമസ്. റവ.റ്റി.ജെ.ബെന്നി (സെൻട്രൽ ഡിസ്ട്രിക്റ്റ് സൗത്ത് ഇന്ത്യാ അസംബ്ലീസ് ഓഫ് ഗോഡ്, അസിസ്റ്റന്റ് സൂപ്രണ്ടന്റ്), ലില്ലി സാം (ഏവരും ബെംഗളൂരു), സൂസി ഫിലിപ്പ് (ആഗ്ര-ഡൽഹി), ജെസി തോമസ് (ചെങ്ങന്നൂർ).

# എൻ.എ.ബി.എച്ച് അംഗീകാരം ലഭിച്ചു

**പന്തളം:** ഇടപ്പോൺ ജോസ്കോ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിക്ക് എൻ. എ. ബി.എച്ച് അംഗീകാരം ലഭിച്ചു. കോളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ എൻട്രിലെവൽ അംഗീകാരം ലഭിച്ച ചുരുക്കം കോളേജുകളിൽ ഒന്നാണ് ജോസ്കോ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി. കഠിനമായ സമർപ്പണവും ഇടതടവില്ലാത്ത അദ്ധ്വാനവും കൊണ്ടാണ് ഈ മഹത്തായ അംഗീകാരം ലഭിച്ചത് എന്ന് എം.ഡി. ഡോ.ജോസ് മറ്റത്ത് കാലായിൽ അറിയിക്കുകയുണ്ടായി. ഇവിടെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലോകത്തിൽ എവിടെ പോയാലും ജോലി ചെയ്യുവാനും അംഗീകാരം ലഭിക്കുവാനും ഏറെ സാധ്യതകൾ മുന്നിലുണ്ട് എന്നും തുറന്ന വേദിയിൽ ഞാൻ പറയുകയുണ്ടായി.

# സാം ടി. മുഖത്തലയെ ആദരിച്ചു

ക്രൈസ്തവ ഗാനരചയിതാവ്, എഴുത്തുകാരൻ, പത്രാധിപർ, പ്രഭാഷകൻ തുടങ്ങിയ മേഖലകളിൽ 26 വർഷം പിന്നിട്ട പാസ്റ്റർ സാം ടി. മുഖത്തലയെ ബഹ്റൈൻ ചർച്ച് ഓഫ് ഗോഡ് ബഥേൽ ചർച്ച് ആദരിച്ചു. സെപ്റ്റംബർ 24 ന് ചർച്ച് ഹാളിൽ ചേർന്ന സമ്മേളനത്തിൽ പാസ്റ്റർ ബോസ് ബി.വറുഗീസ് അദ്ധ്യക്ഷത വഹിച്ചു. കുഞ്ഞുമോൻ തോമസ്, റെജി പി.ചാക്കോ, അനൂപ് തോമസ്, ജോബി തേക്കുതോട്, സുബിൻ തങ്കച്ചൻ, ജിനു.എം.ബാബു, സിജി പ്രശാന്ത് എന്നിവർ ആശംസ പ്രസംഗം നടത്തി. കെ.എം ബാബു, ജോൺസൺ തോമസ് എന്നിവർ നേതൃത്വം നൽകി.

# ആത്മീയ സമ്മേളനം

**ഒർലാന്റോ:** ഇന്ത്യാ പെന്തക്കോസ്തൽ ചർച്ച് ഓഫ് സെൻട്രൽ ഫ്ളോറിഡയുടെ ആഭിമുഖ്യത്തിൽ ദ്വിദിന ആത്മീയ സമ്മേളനം ഒക്ടോബർ 6,7 തീയതികളിൽ ഒർലാന്റോ ഐ.പി.സി സഭാഹാളിൽ നടക്കും.

ഡോ. ജൂലി തോമസ് മുഖ്യ പ്രഭാഷണം നടത്തും. സഹോദരിമാരായ ഷീലാ സ്റ്റീഫൻ, മറിയം മാത്യു എന്നിവർ സെമിനാറിന് നേതൃത്വം നൽകും.

# സൗജന്യം

ബൈബിൾ ഒരു പുസ്തക സമാഹാരമോ? ദൈവവചനമോ? (വില 50 രൂപ) എന്ന പുസ്തകം സ്റ്റാമ്പും അഡ്രസും അയച്ചു തരുന്നവർക്ക് സൗജന്യമായി അയച്ചുകൊടുക്കുന്നതാണ്. 100-ൽ കൂടുതൽ പുസ്തകം ആവശ്യമുള്ളവർക്ക് 20 രൂപ നിരക്കിൽ താഴെപ്പറയുന്ന അങ്കമാലിയിലുള്ള സൗത്ത് ഇന്ത്യൻ ബാങ്കിലേക്ക് പണം അയച്ചാൽ പുസ്തകം അയച്ചു കൊടുക്കുന്നതാണ്.

A/C.- No. 0219053000008888
IFSC No.S-I-B-L0000219
T.PJOSE, Bethel, P.O.Thuravoor,
Angamaly-683572,
Ph: 9446331148.



# വൈറ്റ് ഹൗസിലേക്ക് ദൈവം മടങ്ങിവരുന്നു





**പാസ്റ്റർ. ജോൺ മാമ്മൻ**

2017–ലെ യു. എസ്സ് പ്രസിഡന്റ് തിരഞ്ഞെടുപ്പു പ്രചരണ കോലാഹലം അത്യുച്ഛ കോടിയിൽ എത്തി നിന്നപ്പോൾ, റിപ്പബ്ലിക്കൻ പാർട്ടി സ്ഥാനാർത്ഥി ആയിരുന്ന ഡൊനാൾഡ് ട്രംപ് ഫേസ്ബുക്കിൽ ഇങ്ങനെ കുറിച്ചു ഞാൻ യു. എസ്സ് പ്രസിഡന്റ് ആയാൽ ദൈവത്തെ വൈറ്റ് ഹൗസിൽ മടക്കി വരുത്തും. ലോകത്തെങ്ങുമുള്ള വാർത്താമാധ്യമങ്ങളും, മറ്റ് സോഷ്യൽ മീഡിയയുമൊക്കെ വൻ പ്രാദാന്യമാണ് ഇതിന് നൽകിയത്. തെരഞ്ഞെടുപ്പിൽ വിജയിച്ച് യു. എസ്സ് പ്രസിഡന്റ് ആയി സത്യ പ്രതിജ്ഞ ചെയ്തശേഷം നടത്തിയ പ്രസംഗത്തിൽ സങ്കീ. 133:1 അദ്ദേഹം എടുത്ത് ഉദ്ധരിച്ചു, ഇതാ, സഹോദരന്മാർ ഒത്തൊരുമിച്ച് വസിക്കുന്നത് എത്ര ശുഭവും എത്ര മനോഹരവും ആകുന്നു. അമേരിക്കൻ ജനത ഐക്യതയോടെ നിലനിൽക്കേണ്ടതിന്റെ പ്രാധാന്യം അദ്ദേഹം ഊന്നി പറഞ്ഞു.

വൈറ്റ് ഹൗസിൽ ഉദ്യോഗസ്ഥരെ നിയമിച്ചശേഷം ട്രംപ നടത്തിയ പ്രസംഗത്തിൽ കുടുംബജീവിതത്തിന്റെ പരിപാവത, ദൈവത്തിന്റെ സർവ്വാധിപത്യം തുടങ്ങിയ കാര്യങ്ങളാണ് പ്രധാനമായി ഉൾപ്പെടുത്തിയിരുന്നത്. വൈറ്റ് ഹൗസിലെ മുഖ്യ ഉദ്യോഗസ്ഥൻ റയിൻസ് പ്രിബസും ഈ വിഷയങ്ങൾ തന്നെയാണ് തന്റെ സന്ദേശത്തിൽ ഉൾപ്പെടുത്തിയത്. അതുപോലെ, ലോകപ്രസിദ്ധനായ അമേരിക്കൻ സംഗീതജ്ഞ വിക്കിയോഹേ ഇങ്ങനെ പ്രസ്താവിച്ചു, ഡൊനാൾഡ് ട്രംപ യേശുക്രിസ്തുവിനെ വൈറ്റ് ഹൗസിൽ മടക്കി കൊണ്ടുവന്നിരിക്കുന്നു. തുടർന്ന് എതിരാളികളുടെ വിമർശനത്തിന്റെ മുനകൾ താങ്ങാനാകാതെ, അവർക്ക് സോഷ്യൽ മീഡിയയിൽ നിന്നുപോലും താൽക്കാലികമായി ഉൾവലിയേണ്ടി വന്നു.

ഡൊനാൾഡ് ട്രംപ് ഉദ്ദേശിച്ചത് എന്താണെന്ന് അറിഞ്ഞുകൂടാ. ആരാണ് മടങ്ങി വരേണ്ടത്? ദൈവമാണോ, അതോ മനുഷ്യനാണോ മടങ്ങി വരേണ്ടത്? ദൈവം മടങ്ങി വരണമെങ്കിൽ, നാം മടങ്ങി വരുവാൻ തയ്യാറാകണം. അതിന് ദൈവത്തിന്റെ കൃപ നമുക്ക് വേണം. തകർന്നു കിടന്ന, ദൈവസാന്നിദ്ധ്യം നഷ്ടപ്പെട്ട യെരുശലേമിനെ നോക്കി യിരമ്യാവ് ഇങ്ങനെ പ്രാർത്ഥിച്ചു. യഹോവേ, ഞങ്ങൾ മടങ്ങി വരേണ്ടതിന് ഞങ്ങളെ നിങ്കലേക്ക് മടക്കി വരുത്തേണമേ (വിലാ. 5:21)

ട്രംപിന്റെ പ്രസ്താവനയ്ക്ക് അനേക അർത്ഥ തലങ്ങൾ ഉണ്ട്. ഒരിക്കൽ വൈറ്റ് ഹൗസിൽ ദൈവം ഉണ്ടായിരുന്നു. ആ കാലങ്ങൾ ഒക്കെ കഴിഞ്ഞു പോയിരിക്കുന്നു. ഒളി മങ്ങിയ ചില സ്മരണകൾ മാത്രം ചരിത്രത്തിന്റെ ചവറ്റു കൊട്ടയിൽ കിടക്കുന്നു. പഴയ പ്രതാപങ്ങൾ ഒക്കെ ഓർത്തും, പറഞ്ഞും കുറെ കാലം കഴിക്കാമെന്നല്ലാതെ അതുകൊണ്ട് ഇന്ന് വലിയ പ്രയോജനമില്ല. ഇന്ന്ദൈവം ഉണ്ടോ? ഇന്ന് വല്ലതും നടക്കുമോ? ഇന്നത്തെ ശൂന്യാവസ്ഥ മാറിപ്പോകണമെങ്കിൽ ദൈവം നായക സ്ഥാനം ഏറ്റെടുത്തേ പറ്റുകയുള്ളൂ. സഭാഹോളിനുള്ളിൽ മാത്രം ചെങ്കടൽ വിഭാഗിച്ച് എത്രനാൾ നാം കാലം കഴിയ്ക്കും.

ദൈവം മടങ്ങി വരണമെങ്കിൽ പാളയം ശുദ്ധീകരിക്കുകയാണ് ആദ്യം ചെയ്യേണ്ടത്. ആവ.23:14 ശ്രദ്ധിക്കുക. നിന്റെ ദൈവമായ യഹോവ നിന്നെ രക്ഷിപ്പാനും, ശത്രുക്കളെ നിനക്ക് ഏൽപ്പിച്ചു തരുവാനും നിന്റെ പാളയത്തിന്റെ മദ്ധ്യേ നടക്കുന്നു. നിങ്കൽ വൃത്തികേടു കണ്ടിട്ട് അവൻ നിന്നെ വിട്ടകലാതിരിപ്പാൻ നിന്റെ പാളയം ശുദ്ധിയുള്ളതായിരിക്കണം.

അമേരിക്കയിലെ ഈ കോലാഹലങ്ങളെക്കുറിച്ച് വായിച്ചു കൊണ്ടിരുന്നപ്പോൾ എന്റെ മനസിൽ ഒരു ചോദ്യം ഉയർന്നു. അതായത്, നമ്മുടെ പല ഭവനങ്ങളിലും ദൈവത്തെ മടക്കി വരുത്തേണ്ടതല്ലേ? അതിനായി, ദൈവത്തിങ്കലേക്ക് ഒരു മടങ്ങി വരവ് നമുക്കും വേണ്ടേ? ഒരിക്കൽ കോരഹു പുത്രന്മാർ ദൈവത്തോട് അപേക്ഷിച്ചു നിന്റെ ജനം നിന്നിൽ ആനന്ദിക്കേണ്ടതിന് നീ ഞങ്ങളെ വീണ്ടും ജീവിപ്പിക്കയില്ലയോ? (സങ്കീ.85:6). ദാവീദു നിലവിളിച്ചു നിന്റെ രക്ഷയുടെ സന്തോഷം എനിക്ക് തിരികെ തരേണമേ, മനസ്സൊരുക്കമുള്ള ആത്മാവിനാൽ എന്നെ താങ്ങേണമേ (സങ്കീ.51:12).രക്ഷയുടെ സന്തോഷം നഷ്ടപ്പെട്ട്, ജീവിതത്തിൽ സമാധാനമില്ലാതെ, ആനന്ദമില്ലാതെ, ചത്തതിനൊക്കുമേ, ജീവിച്ചിരിക്കുന്ന എത്രഎത്ര മനുഷ്യർ. ദൈവമഹത്വം നഷ്ടപ്പെട്ട ഭവനങ്ങളിൽ രണ്ടു കാലിൽ നടക്കുന്ന അഗ്നി പർവ്വതങ്ങളാണ് വസിക്കുന്നത്. ഒരു പൊട്ടിത്തെറിയുടെ വക്കിൽ ആശയറ്റവരായി ജീവിക്കുന്ന നിസ്സഹായരായ ക്രിസ്ത്യാനികൾ. അദൃശ്യമണ്ഡലങ്ങളിൽ ആയുധപുര ഒരുക്കി, ഓരോന്നിനെ ഓരോന്നായി സാത്താൻ തകർത്തുകൊണ്ടിരിക്കുന്നു. ജീവിതം പരിപാവനമാണ്. പക്ഷേ, അനേകർ പൈശാചിക ബന്ധനങ്ങളിൽ അമർന്ന് നിരാശയിൽ കഴിയുന്നു.

മൂന്നോ, നാലോ പതിറ്റാണ്ടുകൾക്ക് മുൻപ്, ഇന്നു നമുക്കുള്ള പലതും ഇല്ലായിരുന്നു. അനേകർക്കും അനേകർക്കും ഉടുതുണി പോലും മാറി ഉടുക്കാൻ ഇല്ലായിരുന്നു. ഒരു നേരം പോലും വയറു നിറയെ ആഹാരം കഴിക്കുവാൻ അവർക്ക് ഇല്ലായിരുന്നു. വൈകുംനേരം വരെ പുരയിടത്തിൽ അധ്വാനിച്ച് വിയർത്തൊലിച്ച് വരുന്ന ഗൃഹനാഥൻ തണുത്ത വെള്ളത്തിൽ കുളിക്കും. തീയും പുകയുമേറ്റ് കരുവാളിച്ച മുഖവുമായി വന്ന്, ശരീരം കഴുകി ഗൃഹനായികയും എത്തും. സന്ധ്യ മയങ്ങുമ്പോൾ നിലത്ത് പായിലിരുന്ന് അവർ പാട്ടുകൾ പാടി, കുടുംബപ്രാർത്ഥന നടത്തും. വീഥികളുടെ ഇരുഭാഗങ്ങളിലുമുള്ള ചെറിയ ഭവനങ്ങളിൽ നിന്നും ഉയരാറുണ്ടായിരുന്ന പാട്ടും, ആരാധനയും, പ്രാർത്ഥനയുമൊക്കെ എന്നേ നഷ്ടപ്പെട്ടിരിക്കുന്നു. ദൈവത്തെ മടക്കിക്കൊണ്ടു വരുവാൻ ദൈവകൃപയിലാശ്രയിച്ച് നാം മടങ്ങി വരികയാണ് വേണ്ടത്.




ഗ്രെയ്സ് തിയോളജിക്കൽ കോളേജ് വെണ്ണിക്കുളം ഒരുക്കുന്ന
7 ദവസത്തെ വെളിപ്പാട് പുസ്തക പഠന പരമ്പര

**വെളിപ്പെട്ടു കിട്ടിയ മർമ്മങ്ങൾ**



മുൻകൂട്ടി തീരുമാനിക്കുന്ന പ്രകാരം വിവിധ സ്ഥലങ്ങളിൽ ചാർട്ടുകളുടെ അടിസ്ഥാനത്തിൽ പഠനം നടത്തി വരുന്നു.

ക്ലാസ്സുകൾ നയിക്കുന്നത്
പാസ്റ്റർ റെന്നി ഇടപ്പറമ്പിൽ

**Grace Theological College**
Vennikulam P.O Thiruvalla- 689 544 - Pathanamthitta Dt; Kerala,
India 0469 2751000/09446625996 E-mail: deepamnews2011@gmail.com



പാസ്റ്റർ ഷിബു ജോസഫ്

# തകരുന്ന കുടുംബങ്ങൾ



**കു**ടുംബം എന്നത് ദൈവീകമായ ഒരു സ്ഥാപനമാണ്. അത് പരിപാവനമാണ്. ഭാര്യയും ഭർത്താവും മാത്രമല്ല കുട്ടികൾ കൂടെ ഉൾപ്പെടുമ്പോഴാണ് കുടുംബം എന്ന സംവിധാനം പൂർണ്ണതയുള്ളതാവുന്നത്. ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ തന്നെ 'നിങ്ങൾ സന്താന സൃഷ്ടിയുള്ളവരായി പെരുകുവീൻ' (ഉല്പ.1:28) എന്നരുളി ചെയ്യുന്നു. എന്നാൽ പുരോഗതിയുടേയും പരിഷ്കാരത്തിന്റേയും ഔന്നത്യത്തിൽ എത്തിനിൽക്കുന്നു എന്നവകാശപ്പെടുമ്പോഴും കുടുംബങ്ങൾ തകർച്ച നേരിട്ടുകൊണ്ടിരുക്കുന്നു. ഭാര്യ-ഭർതൃ ബന്ധത്തിലെ ചെറിയ അസ്വസ്ഥതകൾ പോലും വേർപിരിയലുന്റെ വക്കിൽ അവരെ കൊണ്ടെത്തിക്കുന്നു. ഇവിടെ ഏറ്റവും അധികം വേദനിക്കുന്നത് കുട്ടികളാണ്. ജന്മം നൽകിയ പിതാവും പെറ്റുവളർത്തിയ മാതാവും ഒരുപോലെയാണവർക്ക്. പിതാവിന്റേയും മാതാവിന്റേയും സ്നേഹലാളനകൾ ഏറ്റുവാങ്ങേണ്ട പ്രായത്തിൽ വൃണിതഹൃദയരായി അവർ തീരുന്നു. ഇത്തരം അനുഭവങ്ങൾ കുട്ടികളുടെ വ്യക്തിത്വത്തെ സാരമായി ബാധിക്കുന്നു. സ്വകുടുംബത്തിൽ നിന്നും സ്നേഹം ലഭിക്കാതെ വരുമ്പോൾ അവർ പ്രലോഭനങ്ങൾക്ക് വിധേയരാകുന്നു.

## ബാലവേല, ഭിക്ഷാടനം

കുട്ടികളെക്കൊണ്ട് പണിയെടുപ്പിക്കുന്നത് നിയമം മൂലം നിരോധിച്ചിട്ടുള്ളതാണ്. വീടുകളിലും ഫാക്ടറികളിലും ഇതര തൊഴിൽ ഇടങ്ങളിലും കുട്ടികളെക്കൊണ്ട് പണിയെടുപ്പിക്കുവാൻ പാടില്ലാത്തതാണ്. 14 വയസുവരെ നിർബന്ധിത വിദ്യാഭ്യാസം അവർക്ക് നൽകണമെന്നുള്ളതാണ് നിയമം. അതുപോലെ കുട്ടികളെ ഉപയോഗിച്ച് ഭക്ഷാടനം നടത്തുന്നതും ഗുരുതരമായ തെറ്റാണ്. മാതാപിതാക്കളുടെ സംരക്ഷണത്തിൽ വളർന്ന വിദ്യാഭ്യാസം ചെയ്യേണ്ട പ്രായത്തിൽ ഭക്ഷാടനപാത്രവുമേന്തി ജീവിക്കുന്ന കുട്ടികൾ. ഇവർ ഇത് സ്വയം ചെയ്യുന്നതല്ല, പ്രത്യുത ഇതിനായി പ്രേരിപ്പിക്കപ്പെടുകയാണ്. ഇങ്ങനെയുള്ള കുട്ടികളുടെ പിന്നിൽ വലിയൊരു സംഘം തന്നെ ഉള്ളതായി മനസിലാക്കാം.

## സംരക്ഷകർ പീഡകരാകുമ്പോൾ

ഇന്നു കുട്ടികൾ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി അവർക്കു നേരെ ഉണ്ടാകുന്ന പീഡനശ്രമങ്ങളാണ്. പല കുടുംബത്തിലെ ഭാര്യാഭർതൃബന്ധത്തിലെ ഉലച്ചിലുകൾക്ക് അരിശം തീർക്കുന്നത് കുട്ടികളോടാണ്. സംരക്ഷകരാകേണ്ടവർ തന്നെ അവരുടെ വിവിധ നിലകളിൽ പീഡിപ്പിക്കുന്നത് നിരന്തരമുള്ള സംഭവമായി മാറുന്നു. ഇടുക്കി ജില്ലയിൽ പിതാവിന്റേയും രണ്ടാനമ്മയുടേയും ക്രൂരമർദ്ദനങ്ങൾക്കിരയായ ഷെഫീഖ് എന്ന കുട്ടി ജീവിതത്തിലേക്ക് തിരിച്ചു വന്നുകൊണ്ടിരിക്കുന്നതേയുള്ളൂ.

പഠനത്തിൽ മോശമായതിനും, അരുതാത്ത ബന്ധങ്ങൾക്ക് ദൃക്സാക്ഷിയായതിനും എന്നുവേണ്ട പലകാരണങ്ങളാൽ കുട്ടികൾ പീഡിപ്പിക്കപ്പെടുന്നു. ഇതിൽ മുത്തശി, മാതാവ്, പിതാവ്, സഹോദരങ്ങൾ, ബന്ധുക്കൾ എന്നിവരെല്ലാം പ്രതികളാക്കപ്പെടുന്നു.

മറ്റൊരു കാര്യം കുട്ടികൾക്ക് നേരെയുണ്ടാകുന്ന ലൈംഗിക അതിക്രമങ്ങളാണ്. വിദ്യകൊണ്ട് പ്രബുദ്ധത നൽകേണ്ട അദ്ധ്യാപകനും മുത്തച്ഛന്റെയും പിതാവിന്റേയോ പ്രായമുള്ള അയൽവാസിയും ബന്ധുവും എന്തിനേറെ സ്വന്തം പിതാവുപോലും പെൺകുട്ടികളെ ലൈംഗികമായി പീഡിപ്പിക്കുന്നു. പല സംഭവങ്ങളും സ്കൂളുകളിലെ കൗൺസിലിംഗിലൂടെയാണ് പുറത്തറിയുന്നത്. ഈ അനുഭവങ്ങൾ കുട്ടികളുടെ മനസിൽ ഉണങ്ങാത്ത മുറിവുകളാണ് സൃഷ്ടിക്കുന്നത്. അവരുടെ ഭാവി ജീവിതത്തെ തന്നെ അതു സാരമായി ബാധിക്കുന്നു.

## വലക്കുരുക്കിൽപ്പെടുന്ന ബാല്യം

സാങ്കേതികതയുടെ വളർച്ച നമുക്കേറെ ഗുണകരമാണ്. എന്നാൽ അതോടൊപ്പം അത് കുട്ടികളെ എങ്ങനെയൊക്കെ ബാധിക്കുന്നു എന്ന് വിലയിരുത്തപ്പെടേണ്ടതാണ്. ഇന്റർനെറ്റിന്റേയും സോഷ്യൽ നെറ്റുവർക്കുകളുടെ കുരുക്കിൽ പെടുന്ന കുട്ടികൾ വളരെയാണ്. യു.എസിലെ 'നാഷണൽ സെന്റർ ഫോർ മിസിംഗ് ആന്റ് എക്സ്പ്ലോയിറ്റഡ് ചിൽഡ്രൻ' നടത്തിയ സർവ്വെ പ്രകാരം പത്തിനും പതിനേഴിനും ഇടയിൽ പ്രായമുള്ള കുട്ടികളിൽ ഏഴിൽ ഒരാൾ എന്ന അനുപാതത്തിൽ ഇന്റർനെറ്റിലൂടെ അനാവശ്യമായ ലൈംഗിക വിഭവങ്ങൾ എത്തുന്നു എന്നതാണ്. സൈബർ രംഗത്തെ അനാശാസ്യ ഇടപാടുകൾ കുട്ടികളെ ക്രിമിനൽ പശ്ചാത്തലമുള്ളവരാക്കുന്നു. ഇന്റർനെറ്റിന് അടിമകളായ കുട്ടികൾ അന്തർമുഖരും മാനസികരോഗികളുമാകുന്നു. സോഷ്യൽ നെറ്റുവർക്കുകൾ പ്രയോജനം ചെയ്യുന്നതുപോലെ തന്നെ സൂക്ഷിച്ച് കൈകാര്യം ചെയ്തില്ലെങ്കിൽ ദോഷകരമാകുന്നു.

## ആത്മീയ അടിത്തറ ശക്തമാക്കുക

'മക്കൾ യഹോവ തരുന്ന അവകാശമാണ്' (സങ്കീ.127:3). അവർ ദൈവം നമുക്ക് നൽകിയ ദാനമാണെന്ന ബോധ്യം അനിവാര്യമാണ്. കുഞ്ഞുങ്ങളെ വളരാൻ അനുവദിക്കാതെ 'വളർത്തുക'യാണ് വേണ്ടത്. ശരിയായ ആത്മീയ ഉപദേശത്തിലും ശിക്ഷണത്തിലും കുട്ടികളെ വളർത്തുവാൻ ഓരോ മാതാപിതാക്കളും ശ്രദ്ധിക്കണം. നമ്മുടെ ചുറ്റുപാടുകളെക്കുറിച്ചും സാഹചര്യങ്ങളെക്കുറിച്ചും മതിയായ അവബോധം അവരിൽ സൃഷ്ടിക്കുവാൻ കഴിയണം.

ദൈവഭക്തിയിലും ഉപദേശസത്യങ്ങളിലും ജീവിക്കുവാൻ ബാല്യം മുതൽ പഠിപ്പിച്ചാൽ അവർക്ക് അത് എന്നും പ്രയോജനകരമാകും. കുട്ടികളുടെ വിദ്യാഭ്യാസം, ആഹാരം, വസ്ത്രം, എന്നീ കാര്യങ്ങിലുള്ള ശ്രദ്ധ പോലെ തന്നെ ആദ്ധ്യാത്മീക കാര്യങ്ങൾക്കും പ്രാധാന്യം നൽകണം. ശരിയായ ആത്മീയ അടിത്തറയിൽ അവരെ വളർത്തുവാൻ ശ്രമിച്ചാൽ എന്നും അത് പ്രയോജനകരമാകും.

## സ്നേഹത്താൽ ബന്ധിതരാക്കുക

കുട്ടികൾക്കുവേണ്ടി വളരെയധികം സമയവും പണവും ചിലവാക്കുന്നവരാണ് നമ്മൾ മലയാളികൾ. പ്രത്യേകിച്ച് അവരുടെ വിദ്യാഭ്യാസത്തിനുവേണ്ടി നാം വളരെ മുതൽ മുടക്ക് നടത്തുന്നു. കുട്ടികളെ നല്ലൊരു നിലയിലെത്തിക്കുവാൻ രാപകലില്ലാതെയാണ് പല മാതാപിതാക്കളും അധ്വാനിക്കുന്നത്. ഇതിനിടയിൽ കുട്ടുകളോടൊപ്പം അല്പസമയം ചിലവഴിക്കുവാനോ അവരോട് സ്നേഹത്തോടെ ഇടപെടുവാനോ പലർക്കും കഴിയുന്നില്ല എന്നുള്ളതാണ് സത്യം. ഒരു കുട്ടിയെ സംബന്ധിച്ച് കുടുംബമാണ് അവന്റെ പ്രഥമ വിദ്യാലയം. അവിടെ നിന്നാണ് അവൻ സ്നേഹത്തിന്റേയും ധാർമ്മികതയുടെയും ആത്മീയ മൂല്യങ്ങളുടേയും ആദ്യപാഠങ്ങൾ പഠിക്കുന്നത്. എന്നാൽ നിർഭാഗ്യം എന്നുപറയട്ടെ, പല കുഞ്ഞുങ്ങൾക്കും ഈ ഒരു അനുഭവം പ്രാപിക്കുവാൻ സാധിക്കുന്നില്ല. സ്വഭവനത്തിൽ അവർ നേരിടുന്ന തിരസ്ക്കരണങ്ങളും സ്നേഹമില്ലായ്മയും അവരെവ്യാജ സ്നേഹമാർഗ്ഗങ്ങളിലേക്ക് ആകർഷിക്കുവാൻ കാരണമാകുന്നു. യഥാർത്ഥ സ്നേഹം എന്ന് തെറ്റിദ്ധരിച്ച് അവർ ചെന്നെത്തുന്നത് ചതിക്കുഴിയിലായിരിക്കും.

കുട്ടികളെ സ്നേഹത്താൽ ബന്ധിതരാക്കുക എന്നുള്ളതാണ് മാതാപിതാക്കളുടെ കർത്തവ്യം. പലർക്കും കുഞ്ഞുങ്ങളോട് സ്നേഹമുണ്ടെങ്കിലും പ്രകടിപ്പിക്കാറില്ല. മൂടിവയ്ക്കപ്പെടുന്ന സ്നേഹം പ്രയോജനരഹിതമാണ്.

## റോൾമോഡൽ മാതാപിതാക്കൾ തന്നെയാകട്ടെ

എന്തിനെയും ആരെയും അനുകരിക്കാനുള്ള പ്രവണത കുട്ടികൾക്ക് കൂടുതലാണ്. കാണുകയും കേൾക്കുകയും ചെയ്യുന്നത് വളടെ വേഗത്തിൽ അവർ പകർത്തുന്നു. കുട്ടികളുടെ ഏറ്റവും നല്ല മാതൃകയാകാൻ മാതാപിതാക്കൾക്ക് കഴിയണം. സ്നേഹത്തിന്റേയും കരുതലിന്റേയും ആത്മീയതയുടേയും നല്ല പാഠങ്ങൾ കുഞ്ഞുങ്ങൾ പഠിക്കേണ്ടത് അവരുടെ മാതാപിതാക്കളിൽ നിന്നായിരിക്കണം. നല്ല ശീലങ്ങൾ കുട്ടികൾക്ക് പകർന്നു കൊടുക്കുന്നതിന് ആദ്യം ചെയ്യേണ്ടത് നല്ല ശീലമുള്ളവരായി തീരുക എന്നുള്ളതാണ്. പുകവലിയും മദ്യപാനവും മോശമാണെന്ന് കുട്ടികളോട് പറയുമ്പോൾ അത് ഉപേക്ഷിക്കുന്നില്ലെങ്കിൽ കുട്ടികൾ എന്താണ് അങ്ങനെയുള്ളവരിൽ നിന്നും മാതൃകയാക്കുന്നത്. വ്യാജവും സ്വാർത്ഥതയും ഉപേക്ഷിക്കാതെ മക്കളെ നല്ല ശീലങ്ങൾക്ക് ഉടമകളായി തീരുവാൻ ഉപദേശിക്കുന്നത് പ്രായോഗികമല്ല. സ്വന്തം ജീവിതത്തിൽ നിന്നും നല്ല മാതൃകകൾ അവർക്ക് ലഭ്യമാകണം. അതിനുവേണ്ടി മാതാപിതാക്കൾ കുഞ്ഞുങ്ങളുടെ ഒരു മോഡലായി മാറണം.

## കൂടുതൽ ശകാരം വേണ്ടാ

ചില മാതാപിതാക്കൾ എന്തിനും ഏതിനും കുട്ടികളെ ശകാരിക്കുന്നവരാണ്. ശകാരവും ശിക്ഷണവും ശരിയായ നിലയിൽ അവരെ വളർത്തുന്നതിന് സഹായകരമാകുമെങ്കിലും സ്ഥാനത്തും അസ്ഥാനത്തുമുള്ള അവയുടെ പ്രയോഗം കുട്ടികളിൽ നിഷേധമായ ഒരു സ്വഭാവം സൃഷ്ടിക്കുന്നതിന് കാരണമായേക്കാം. സ്നേഹത്തോടുകൂടിയ ഇടപെടലുകളാണ് അവരുടെ സ്വഭാവ രൂപീകരണത്തിന് കൂടുതൽ പ്രയോജനം ചെയ്യുന്നത്. അതുകൊണ്ട് ശിക്ഷണം വേണ്ട എന്നുള്ള ആശയമല്ല ഉള്ളത്. പ്രത്യുത ശിക്ഷിക്കുന്നതോടൊപ്പം അവരെ സ്നേഹിക്കുവാനും കരുതുവാനും കഴിയുന്ന ഒരു അനുഭവമാണ് വേണ്ടത്.

## മാതാപിതാക്കൾ ശ്രദ്ധിക്കുക

നിങ്ങൾ വളർന്നുവന്ന കാലങ്ങളിൽ നിന്നും വളരെ വ്യത്യസ്തമാണ് ഇന്നത്തെ സാഹചര്യങ്ങൾ. പ്രത്യേകിച്ച് പെൺകുട്ടികളെ വളരെ കരുതലോടെ സൂക്ഷിക്കണം.

1. അപരിചിതരുമായി അടുത്ത ബന്ധം വേണ്ട.
2. ശരിയായ ബോധ്യമില്ലാത്തവരെ അതിഥികൾ ആക്കാതിരിക്കുക.
3. പരിചയമില്ലാത്തവർ നൽകുന്ന ഭക്ഷ്യവസ്തുക്കൾ വാങ്ങാതിരിപ്പാൻ കുട്ടികളെ ഉപദേശിക്കുക.
4. അപരിചിതർ ക്ഷണിച്ചാൽ വാഹനങ്ങളിൽ യാത്ര ചെയ്യാതിരിക്കുക.
5. സ്വയം സൂക്ഷിക്കുവാനുള്ള ഉപദേശങ്ങൾ നൽകുക.
6. ആത്മീയ ശിക്ഷണത്തിൽ കുട്ടികളെ വളർത്തുക.

തുടർ ചലനം 2



പാസ്റ്റർ ഷാജി എം പോൾ
വെണ്ണിക്കുളം



# ആളെ മാറ്റുന്ന ആത്മാവ്

'യഹോവയുടെ ആത്മാവ് നിന്റെ മേൽ വന്നിട്ട് പ്രവചിക്കുകയും ആൾ മാറിയതുപോലെ ആയിതീരുകയും ചെയ്യും'' (1 ശമുവേൽ 10:6)

ഒരു മനുഷ്യായസിനിടയിൽ ആളിന് മാറ്റം വരുന്ന പല ഘട്ടങ്ങളും പല ഘടകങ്ങളും ഉണ്ടാകാം. ഒന്ന് ശാരീരിക വളർച്ച മൂലം ഉണ്ടാകാം മാറ്റം ചില ആളുകൾ കഷ്ടപാടിലും, പട്ടിണിയിലും ഒക്കെ വളർന്ന് വിദേശ ജോലിയും വരുമാനവുമൊക്കെ ആയിക്കഴിയുമ്പോൾ മനസ്സിന് മാറ്റം വരും. അപ്പോൾ പറയാറുണ്ട് അവർ പഴയആളുകളൊന്നുമല്ല ഇപ്പോൾ ആള് മാറിയില്ലെ. ദേശം വിട്ട് വലിയ പട്ടണങ്ങളിലും രാജ്യങ്ങളിലും ഒക്കെ മാറി താമസിക്കുമ്പോൾ ആളുകൾക്ക് മാറ്റം വരാം. സംസ്കാരം, സംസാരം, ശൈലി, മനോഭാവം ഇനിയെല്ലാം ഉണ്ടാകുന്ന അന്തരമാണ് ഒരാള് മാറിയെന്ന് സാധാരണഗതിയിൽ പറയാറുള്ളത്. ഇത് നമ്മുടെ ചുറ്റും നടക്കുന്നുണ്ട്. കാലോചിതമായ മാറ്റംകൊണ്ട് ആളുകൾക്ക് പുറമെയുള്ള മാറ്റം സർവ്വസാധാരണമാണ്. ഗൾഫ് വരുമാനം കേരളത്തിലെ ആളുകളെ നന്നായി മാറ്റി. റിയൽ എസ്റ്റേറ്റ് ഒരുകൂട്ടം ആളുകളിൽ വലിയ മാറ്റം വരുത്തി. വിദ്യാഭ്യാസ നയം,- കേരളത്തിന് വെളിയിൽപോയിട്ടുള്ള ഹോസ്റ്റൽ ജീവിതം ഇവിടുത്തെ വിദ്യാർത്ഥികളെ ശരിക്കും മാറ്റി. മനുഷ്യനെ മാറ്റം വരുത്തുന്ന പല ഘടകങ്ങളും നമുക്കു ചുറ്റും ഉള്ളപ്പോൾ പരിശുദ്ധാത്മ കേന്ദ്രീകൃതമായ ഈ പരമ്പരയിൽ ഇന്ന് നാം വിചിന്തനം ചെയ്യുന്നത്. മനുഷ്യന്റെ ആളത്യത്തെ മാറ്റിമറിക്കുന്ന പരിശുദ്ധാത്മാവിനെക്കുറിച്ചാണ്.

ഇതിനാധാരമായി നാം എടുത്തിരിക്കുന്ന 1 ശമുവേലിലെ വാക്യം യിസ്രയേലിലെ ഒന്നാമത്തെ രാജാവായിരുന്ന ശൗലിനെക്കുറിച്ചാണ് പറയുന്നത്. ബെന്യാമിൻ ഗോത്രത്തിലെ ധനികനായ കീശിന്റെ മകൻ ശൗൽ ഇപ്പോൾ വീട്ടിലെ കഴുത നഷ്ടപ്പെട്ട് ഭൃത്യനുമായി അതിനെ തിരക്കി നടക്കുകയാണ്. വീട്ടിലെ നഷ്ടം നികത്താൻ വീടു വിട്ടിറങ്ങിയിരിക്കുന്ന ശൗലിനെ ദൈവം യിസ്രായേലിന്റെ ഒന്നാമത്തെ രാജാവായി 'നോമിനേറ്റ്' ചെയ്തുകഴിഞ്ഞു. 10:4-ാം വാക്യം വായിച്ചാൽ അഞ്ച് ദേശം മുഴുവൻ അരിച്ചു പെറുക്കി അന്വേഷിച്ചതായി കാണാം കഴുതകളെ. ഒരു ദേശമെന്ന് പറയുന്നത് മൈലുകൾ ചുറ്റളവുള്ളതാണ്. ദിവസങ്ങളായി അന്വേഷണത്തിലാണവർ. ഇവിടെനിന്നുകൊണ്ട് ഞാൻ ചില ദൂതുകൾ അനുവാചകർക്ക് കൈമാറട്ടെ. വീട്ടിലെ നഷ്ടം നികത്താൻ അപ്പൻ ഏല്പിച്ച ദൗത്യം നിർവ്വഹിക്കാൻ ആത്മാർത്ഥതയുള്ള അന്വേഷകനായി ദേശം ചുറ്റി അലയുന്ന മകനെ സ്വർഗ്ഗത്തിലെ ദൈവത്തിന് ബോധിച്ചു. ആകയാൽ ദൈവം അവനെ കർത്താവിന്റെ രാജ്യമാകുന്ന (11 ദിന 13:8) യിസ്രയേലിന്റെ പ്രഥമരാജാവായി നോമിനേറ്റ് ചെയ്തു. ഇത് വായിക്കുന്ന ചിലരോട് ദൈവം ഒരു ആലോചന പറയുകയാണ്. മറ്റു ചിലർ നിമിത്തമുണ്ടായ നഷ്ടം നികത്താൻ നിങ്ങൾ വീട് വിട്ട് ദേശംവിട്ട് ഏറെ കഷ്ടപ്പെടുകയാണോ? വിശ്വസിച്ചോ,.... നിങ്ങൾ അറിയാതെ നിങ്ങൾക്ക് എത്തിപ്പിടിക്കാൻ പറ്റാത്ത പല ഉന്നതപദവിയിലേയ്ക്ക് ദൈവം നിങ്ങളുടെ പേര് നോമിനേറ്റ് ചെയ്തു കഴിഞ്ഞു. അദ്ധ്വാനിക്കുന്നവരെ, ആത്മാർത്ഥതയുള്ളവരെ, അപ്പനെ അനുസരിക്കുന്നവരെ, വീടിനുവേണ്ടി കഷ്ടപ്പെടുന്നവരെ ദൈവം തഴയുകയില്ല. ദൈവം പ്രത്യേകം നിങ്ങളുടെ കാര്യം പരിഗണിക്കും.

ഞാൻ വിഷയിത്തിലേയ്ക്ക് വരട്ടെ,- ആത്മാവ് വന്ന് ശൗലിനെ ആള്മാറിയവനെപ്പോലെ ആക്കി എന്നാണ് നാം വായിച്ചത്. വാസ്തവത്തിൽ പരിശുദ്ധാത്മാവ് ശൗലിനെ ഏതു വിധത്തിലാണ് മാറ്റിയത്. ഒരു ദൈവദാസൻ എന്ന നിലയ്ക്ക് പലർക്കും മാറ്റം വരണം എന്ന ആവശ്യമായി എന്റെ പാഴ്സനേജിൽ ആളുകൾ പ്രാർത്ഥനയ്ക്ക് വരാറുണ്ട്. അതിലെ പ്രധാന വിഷയങ്ങൾ ഈ പറയുന്നവയാണ്. ചിലര് പറയും ''ദൈവദാസനെ സാമ്പത്തികമായി വളരെ കഷ്ടത്തിലാ കടമാണ്, ജപ്തിയാണ്, സാമ്പത്തിക മാറ്റത്തിനായി പ്രാർത്ഥിക്കണം. മറ്റ് ചിലർ, ''പാസ്റ്ററെ ഇതിയാൻ ഒരു ദിവസം പണിക്കു പോയാൽ പിന്നെ അഞ്ച് ദിവസം പോകില്ല മടിയനാ കൂട്ടുംകൂടി ടി.വി.യും കണ്ടിരിക്കും. ഇയാൾക്ക് ഒരു മാറ്റം വരുവാനായി തലയിൽ കൈവെച്ച് പ്രാർത്ഥിക്കണം''. വേറെ ചിലർ,- ''കർത്താവിന്റെ ദാസനെ ഇതെന്റെ മോളാ, ഇവൾ ഇരിക്കുന്നതുകണ്ടോ, എന്നാ രോഗമാ കഴിക്കുന്നതൊന്നും ശരീരത്തിൽ പിടിക്കുന്നില്ല. അസ്ഥികൂടം പോലെയായി കണ്ടാൽ മനുഷ്യകോലം ആണോ എന്ന് തോന്നും. ഇത്തിരി വെള്ളം പ്രാർത്ഥിച്ചുകൊടുക്കണെ''. മറ്റു ചിലർ,- ''അഭിഷിക്തനെ എന്റെ ഭർത്താവ് വിദേശത്താ പോയിട്ട് ഇപ്പോൾ 9 മാസം കഴിഞ്ഞു. രണ്ടു പിള്ളേരും ഞാനും ഇവിടെ ഉണ്ടെന്നൊരു ചിന്ത പോലും ഇല്ല വല്ലപ്പോഴും ഒന്നു വിളിച്ചാലായി. എന്തു പറഞ്ഞാലും ദേഷ്യമാ. ഈ പിള്ളാരെക്കുറിച്ചുപോലും ചിന്തയില്ല. വിടുതലിനായി ഒന്നു പ്രാർത്ഥിക്കണെ''. ഇനിയും ഉണ്ട് അടുത്ത കൂട്ടർ,- ''എന്റെ പാസ്റ്ററെ ഞങ്ങളുടെ വീട്ടിലെ കാര്യം ഒന്നും പറയണ്ട. ഞങ്ങളുടെ അച്ചായൻ എനിക്ക് സ്തോത്രകാഴ്ചയ്ക്ക് പത്തു രൂപാപോലും തരില്ല. ഒറ്റ ദൈവദാസന്മാരെയും ഇഷ്ടമല്ല. എല്ലാവരുമായി പിണക്കമാ, സഭായോഗത്തിനുപോലും ഇപ്പോൾ വരുന്നില്ല. പത്ത് രൂപാ സഭയ്ക്ക് കൊടുക്കാൻ സമ്മതിക്കില്ല. ഇത് ഒരു ശാപമായി ഞങ്ങളുടെ പിള്ളേർക്ക് ദോഷമാകാതിരിക്കാൻ ഒന്ന് ശക്തമായി പ്രാർത്ഥിക്കണേ!!!''.

ഈ അഞ്ചു കാര്യത്തിന്റെ മാറ്റമാണ് ഒട്ടുമിക്ക ആളുകളിലും ഉപവാസ വിഷയം. എന്നാൽ ശൗലിനെ സംബന്ധിച്ച് മേൽപറഞ്ഞ അഞ്ചു കാര്യത്തിലും ഒരു മാറ്റം ആവശ്യമില്ലാത്തവനാണ് അർത്ഥം അക്കാര്യത്തിൽ താൻ പെർഫെക്ട് ആയിരുന്നു. ഇതാ തെളിവ്,-

ഒന്ന്- ശൗലിന്റെ കുടുംബം ഒരു ധനിക കുടുംബം ആയിരുന്നു (1 ശമു. 9:1). അതുകൊണ്ട്തന്നെ സാമ്പത്തികമായ മാറ്റം ഇയാൾക്ക് ആവശ്യമായിരുന്നില്ല. രണ്ട്- ശൗൽ അലസനും, ഉഴപ്പനും, മടിയനും ഒന്നും അല്ലായിരുന്നു. കീശിന് വേറെ മക്കൾ ഉണ്ടായിട്ടും കഴുതകളെ അന്വേഷിപ്പാൻ അപ്പൻ നിയോഗിച്ചത് ശൗലിനെ അല്ലെ. ആ നിയോഗം ഏറ്റെടുത്ത് എഫ്രയീം മലനാടിലും, ശാലീഗാ ദേശത്തും, ശാലീം ദേശത്തും, ബെന്യാമിൻ ദേശത്തും, സൂഫ് ദേശത്തും (്:4) ഇങ്ങനെ അഞ്ചു ദേശത്ത് അന്വേഷിച്ചു. കാരണം ഏറ്റെടുത്ത കാര്യത്തിൽ വിജയം കാണാൻ ആഗ്രഹിച്ച ഉജ്ജ്വല പ്രവർത്തകനായിരുന്നു താൻ. അപ്പോൾ അതിലും ഒരു മാറ്റം വേണ്ടല്ലോ. മൂന്നാമത് രാജാവാകുമ്പോൾ ഒരു 'ലുക്ക്' ഒക്കെ വേണ്ടേ, അതുകൊണ്ട് ശാരീരിക മാറ്റം ആവശ്യമായിരുന്നോ ശൗലിന്. 9:2-ൽ പറയുന്നത് യിസ്രായേൽ മക്കളിൽ അവനേക്കാൾ കോമളൻ ഇല്ലായിരുന്നു. ഒരു രാജ്യത്തുള്ളതിൽവെച്ച് ഏറ്റവും കോമളൻ ഈകാര്യത്തിൽ ഇനി എന്ത് മാറ്റം. നാലാമത്തേത്, 9:5-ൽ പറയുന്നത് ''വരിക നമുക്ക് മടങ്ങിപ്പോകാം. അല്ലെങ്കിൽ അപ്പൻ നമ്മെക്കുറിച്ച് വിഷമിക്കും''. ഈ മകൻ നിമിത്തം അപ്പൻ വിഷമിക്കരുത് എന്ന ചിന്തയുള്ളവനായിരുന്നു ശൗൽ. തിരിച്ച് മകനെക്കുറിച്ച് ചിന്തയുള്ള അപ്പനും, ഇതൊരു ഊഷ്മള ബന്ധമല്ലെ കാണിക്കുന്നത്. ഇന്ന് നമ്മുടെ സഭകളിലെ എത്ര യൗവനക്കാർക്കും യൗവനക്കാരികൾക്കും ഈ ചിന്തയുണ്ട്. എന്നെചൊല്ലി എനിക്കായ് കഷ്ടപ്പെട്ട അപ്പൻ വിഷമിക്കരുത് എന്ന്, എന്റെ അമ്മ എന്നെക്കുറിച്ച് വിഷമിക്കരുത് എന്ന്. ചിന്തിച്ചാൽ നമ്മുടെ മക്കൾക്ക് തെറ്റിപ്പോകാൻ പറ്റുമോ. ബാംഗ്ലൂരും, മാംഗ്ലൂരും ഒക്കെ പഠിക്കാൻ പോയ എത്രയോ മക്കൾ അപ്പനെ വിഷമിപ്പിക്കുന്നവരും, അമ്മയെ കരയിപ്പിക്കുന്നവരും ആണ്. അങ്ങനെ ഉള്ളവരുടെ ഇടയിൽ ശൗൽ എത്ര ശ്രേഷ്ഠൻ. വീട് വിട്ടാൽ പിന്നെ അപ്പൻ, അമ്മ, ദൈവം, സഭ, ആത്മീയം ഇതൊന്നും ചിന്തയില്ലാതെ കഴിയുന്നവരുടെ ഇടയിൽ ഇക്കാര്യത്തിൽ ശൗലിന് ഒരു മാറ്റം വേണ്ടല്ലോ, പെർഫെക്ടല്ലെ. അഞ്ചാമത്തേത് ആത്മീയ കാര്യമാണ്, ഭൃത്യൻ പറഞ്ഞു നമ്മുടെ ദൈവപുരുഷന്റെ അടുക്കൽ പോകാം. അവർ നമുക്ക് വഴി പറഞ്ഞു തരും. (്:6) അപ്പോൾ ശൗലിന്റെ ആശങ്ക. നാം ദൈവപുരുഷന്റെ അടുക്കൽ പോകുമ്പോൾ വെറുംകയ്യായി പോകുന്നതെങ്ങനെയാ എന്തെങ്കിലും കൊടുക്കേണ്ടെ (്:7) ഇതിൽനിന്നും ശൗൽ എന്ന യൗവനക്കാരന് നല്ല ആത്മീയ പശ്ചാത്തലം ഉണ്ടായിരുന്നു എന്ന് കാണാം.

ഒരു വിഷയം ഉണ്ടായാൽ ദൈവദാസന്റെ അടുക്കൽ ചെന്ന് പ്രാർത്ഥിച്ചാൽ അതിനൊരു പരിഹാരം ഉണ്ടെന്ന് വിശ്വസിക്കാനുള്ള ആത്മീയം ഇന്ന് പല ചെറുപ്പക്കാർക്കും ഇല്ലല്ലോ. അമ്മയോ, അപ്പനോ, കെട്ടിവലിച്ചുകൊണ്ടു വരുന്നതുകൊണ്ട് ഒന്നു വന്നാൽ വന്നെന്നായി. തന്നെത്താൻ തന്റെ കാര്യത്തിന് ദൈവം, ദൈവദാസൻ, സഭ, പ്രാർത്ഥന, ആലോചന തുടങ്ങിയ കാര്യത്തിന് സീരിയസ് കൊടുക്കുന്നവരുടെ എണ്ണം ചുരുങ്ങുകയല്ലെ. അതിലും ഉപരി ഒരു ദൈവദാസന്റെ അടുക്കൽ ചെല്ലുമ്പോൾ വെറും കയ്യോടെ ചെല്ലരുത്. കർത്തൃദാസനെ മാനിക്കണം എന്നെല്ലാം ചെറുപ്രായത്തിൽതന്നെ തന്റെ അപ്പൻ മകനെ പഠിപ്പിച്ചിട്ടുണ്ടായിരിക്കണം എന്നാണെന്റെ ഉറച്ച വിശ്വാസം. ആ ഒരു മര്യാദ ഉള്ള ആത്മീയ പക്വമതിയല്ലെ ശൗൽ. ഈ അഞ്ചുവിധ ക്വാളിറ്റികൾ ഉള്ളവനായിട്ടും ദൈവീക സ്ഥാനത്തേയ്ക്ക് കർത്താവ് തിരഞ്ഞെടുത്തപ്പോൾ ആത്മാവിന് അവനെ മാറ്റാനുണ്ടായിരുന്നു.

ഞാൻ പറഞ്ഞുനിർത്താൻ ശ്രമിക്കട്ടെ,- ശൗലിന്റെ മേൽ ദൈവാത്മാവ് വന്നപ്പോൾ രണ്ടുകാര്യം നടന്നു. ഒന്ന് അവൻ പ്രവചിച്ചു. രണ്ട് ആൾ മാറി ഇന്ന് പലരിലും ആത്മാവ് വന്നപ്പോൾ പ്രവചനം നടക്കുന്നുണ്ട് പക്ഷെ ആളിന് വലിയ മാറ്റമൊന്നുമില്ലെന്നാ പൊതുവേയുള്ള വെപ്പ്. 10:9-ൽ പറയുന്നു ''ദൈവം അവന് പുതിയൊരു ഹൃദയം കൊടുത്തു ത്തു.

മുകളിൽ പറഞ്ഞ കാര്യങ്ങളുടെ തെളിവ് അനുസരിച്ച് ശൗലിന്റെ ഹൃദയം ഒരു മോശം ഹൃദയമായിരുന്നു എന്ന് എനിക്ക് തോന്നിയിട്ടില്ല. നമ്മുടെ പലരുടെയും ഹൃദയത്തെക്കാളും എത്രയോ നല്ലതായിരുന്നു. എന്നിട്ടും ദൈവം ഉപയോഗിക്കാൻ തുടങ്ങിയപ്പോൾ പഴയ ഹൃദയം മാറ്റി പുതിയ ഹൃദയം ഇതാണ് ഏറ്റവും വലിയ മാറ്റം. നമ്മുടെ വസ്ത്രധാരണം മാറ്റാനല്ല, ഭാഷയുടെ ശൈലി മാറ്റാനല്ല, പാട്ടിന്റെ സ്പീഡ് കൂട്ടാനല്ല, പ്രാർത്ഥനയുടെ ശബ്ദം വർദ്ധിപ്പിക്കാനല്ല, പരിശുദ്ധാത്മാവ് നമ്മിൽ വരുന്നത് ഹൃദയം മാറ്റാനാണ്. യഥാർത്ഥത്തിൽ ആത്മാവ് നമ്മിൽ വന്നാൽ നമ്മുടെ ഹൃദയം മാറും. ഹൃദയം മാറിയാലെ ആള് മാറുകയുള്ളു.

ഒരു പ്രാർത്ഥനയ്ക്ക് കൂടി സമയം എടുക്കാമോ,- ദൈവമേ എന്നെ അങ്ങേയ്ക്ക് ഇനിയും ഉപയോഗിക്കാനുണ്ടെന്നറിയാം, ഉന്നതമായ നിലവാരത്തിൽ ഞാൻ അങ്ങേയ്ക്ക് പ്രയോജനപ്പെടേണം എന്ന് ഞാൻ തിരിച്ചറിയുന്നു. അതിനായ് എന്റെ ആളത്വം ഒന്ന് മാറ്റണമെ, പഴയ ഹൃദയം, അതിലടങ്ങിയിരിക്കുന്ന ചിന്തകൾ എല്ലാം മാറ്റണമെ. ഞാൻ ഇന്നുമുതൽ ആളു മാറിയവനെപ്പോലെ ആകട്ടെ.





ഫിന്നി കാഞ്ഞങ്ങാട്

**പ്രണയത്തിന്റെ മാസ്മരിക ലഹരിയിൽ ജീവിതം കൈവിട്ടു പോകുന്നതു പലപ്പോഴും യുവജനങ്ങൾ അറിയാറില്ല. മധ്യകേരളത്തിലെ ഒരു യുവാവ്, താൻ സ്നേഹിച്ച പെൺകുട്ടിയുമായുള്ള പ്രണയസല്ലാപങ്ങൾ മൊബൈൽ ഫോണിൽ ചിത്രീകരിച്ച് ബ്ലൂടൂത്ത് വഴി സുഹൃത്തുക്കൾക്ക് അയച്ചു കൊടുക്കുകയും യൂ-ടൂബ് (ഥീൗൗയല) - ൽ അപ്ലോഡ് ചെയ്യുകയും ചെയ്തു. ഉയർന്ന ക്രിസ്തീയ കുടുംബത്തിൽ ജനിച്ചു വളർന്ന ആ പെൺകുട്ടി അപമാനഭാരത്താൽ പഠനം അവസാനിപ്പിക്കുകയും ഒരു മാനസിക രോഗിയായി ഇന്നും ജീവിതം കഴിച്ചു കൂട്ടുകയും ചെയ്യുന്നു. ആത്മാർത്ഥമായി ഒരുവനെ വിശ്വസിക്കുകയും സ്നേഹിക്കുകയും ചെയ്ത ആ പെൺകുട്ടി തകർന്ന ജീവിതവും താളം തെറ്റിയ മനസ്സുമായി ജീവിക്കുമ്പോൾ അവളുടെ ഈ അവസ്ഥയ്ക്ക് കാരണക്കാരനായി മാറിയ ചെറുപ്പക്കാരൻ പിന്നീട് കുടുംബസ്ഥനായി സന്തോഷത്തോടെ ജീവിക്കുന്നു. എന്നാൽ ആ മാതാപിതാക്കൾക്ക് നഷ്ടമായത് മകളെയും, മകൾക്ക് നഷ്ടമായത് വിലയേറിയ ജീവിതവും. മറ്റാർക്കും ഒന്നും നഷ്ടപ്പെട്ടില്ല!!!**

# കുരുങ്ങുന്ന കൗമാരം

പഠനത്തിൽ അതിസമർത്ഥയായിരുന്നു ബിൻസി. അവളുടെ പഠനത്തിലുള്ള കഴിവുകളിൽ സുഹൃത്തുക്കളും അധ്യാപകരും മാത്രമല്ല മാതാപിതാക്കളും അഭിമാനിച്ചിരുന്നു. പത്താംക്ലാസിൽ ഉയർന്ന മാർക്കോടെ പാസായ അവൾക്ക് പ്ലസ്ടുവിനും അഡ്മിഷൻ ലഭിച്ചു. ചില നാളുകൾക്കു ശേഷം പഠനത്തിൽ ശ്രദ്ധയൊക്കെ നഷ്ടപ്പെട്ട് ക്ലാസിൽ അലസമായും ഉറക്കത്തോടെയും, വളരെ ക്ഷീണിതയായും ഇരിക്കുന്ന ബിൻസിക്ക് എന്താണ് സംഭവിച്ചത് എന്ന് അധ്യാപകരും മാതാപിതാക്കളും ഒരുപോലെ ചിന്തിച്ചു. ആദ്യവർഷത്തെ ചില വിഷയങ്ങൾക്ക് മാർക്കും കുറഞ്ഞു. കാരണം അറിയുവാൻ കൗൺസലറുടെ അടുക്കൽ എത്തിയപ്പോഴാണ് യഥാർത്ഥ സംഭവം പുറത്തു വന്നത്. അപ്രതീക്ഷിതമായി മൊബൈൽ ഫോൺ വഴി പരിചയപ്പെട്ട യുവാവുമായി പ്രണയബന്ധത്തിലാകുകയും രാത്രിയിൽ മണിക്കൂറോളം സംസാരിക്കുകയും ചെയ്തിരുന്ന ബിൻസിക്ക് ക്ലാസിൽ ശ്രദ്ധിക്കുന്നതിനോ, പഠിക്കുന്നതിനോ കഴിയാതെ വന്നു. നിരന്തരമായ കൗൺസലിംഗിലൂടെയാണ് അവൾ തന്റെ പഴയ ജീവിതത്തിലേക്ക് മടങ്ങി വന്നത്.

ചതിക്കുഴികളിലേക്കാണ് മക്കൾ പോകുന്നതെന്ന് മനസ്സിലാക്കാതെയാണ് പലപ്പോഴും മാതാപിതാക്കൾ മക്കൾക്ക് മൊബൈൽ ഫോൺ വാങ്ങി നൽകുന്നത്. ലാൻഡ് ഫോൺ ഉണ്ടായിരുന്ന കാലഘട്ടത്തിൽ ഒരു ഫോൺ കോൾ വന്നാൽ വീട്ടിലെ മുതിർന്ന ആളുകളാണ് സാധാരണ ആദ്യം സംസാരിച്ചിരുന്നത്. മകൾക്കോ, മകനോ ഒരു ഫോൺ കോൾ വന്നാൽ ആരാണ് വിളിച്ചതെന്ന് ചോദിക്കുവാൻ മാതാപിതാക്കൾക്ക് കഴിയുമായിരുന്നു. എന്നാൽ ഇന്ന് എവിടെ നിന്നാണ് സംസാരിക്കുന്നത് എന്നുപോലും കൃത്യമായി മനസ്സിലാക്കുവാൻ കഴിയാതെ വരുന്നു. മൊബൈൽ ഫോൺ ഉപയോഗം ചുരുക്കത്തിൽ യുവജനങ്ങളെയും കുടുംബബന്ധങ്ങളേയും എന്തിനേറെ വ്യക്തിബന്ധങ്ങളെ വരെ തകർക്കുവാൻ ഇക്കാലങ്ങളിൽ പര്യാപ്തമായി മാറിയിരിക്കുകയാണ്. തങ്ങളുടെ കൈയിലോ, പോക്കറ്റിലോ, ബാഗിലോ ഇരിക്കുന്ന ഈ കുഞ്ഞൻ ഉപകരണത്തിന് ജീവിതത്തെ തകർത്തെറിയുവാൻ കഴിയുന്ന ബോംബിന്റെ ശക്തിയുണ്ടെന്ന കാര്യം പലരും വിസ്മരിച്ചു പോകന്നു.

### ജീവിതം തകർത്തെറിഞ്ഞ ക്യാമറകണ്ണുകൾ

പ്രണയത്തിന്റെ മാസ്മരിക ലഹരിയിൽ ജീവിതം കൈവിട്ടു പോകുന്നതു പലപ്പോഴും യുവജനങ്ങൾ അറിയാറില്ല. മധ്യകേരളത്തിലെ ഒരു യുവാവ്, താൻ സ്നേഹിച്ച പെൺകുട്ടിയുമായുള്ള പ്രണയസല്ലാപങ്ങൾ മൊബൈൽ ഫോണിൽ ചിത്രീകരിച്ച് ബ്ലൂടൂത്ത് വഴി സുഹൃത്തുക്കൾക്ക് അയച്ചു കൊടുക്കുകയും യൂ-ടൂബ് (ഥീൗൗയല) - ൽ അപ്ലോഡ് ചെയ്യുകയും ചെയ്തു. ഉയർന്ന ക്രിസ്തീയ കുടുംബത്തിൽ ജനിച്ചു വളർന്ന ആ പെൺകുട്ടി അപമാനഭാരത്താൽ പഠനം അവസാനിപ്പിക്കുകയും ഒരു മാനസിക രോഗിയായി ഇന്നും ജീവിതം കഴിച്ചുകൂട്ടുകയും ചെയ്യുന്നു. ആത്മാർത്ഥമായി ഒരുവനെ വിശ്വസിക്കുകയും സ്നേഹിക്കുകയും ചെയ്ത ആ പെൺകുട്ടി തകർന്ന ജീവിതവും താളം തെറ്റിയ മനസ്സുമായി ജീവിക്കുമ്പോൾ അവളുടെ ഈ അവസ്ഥയ്ക്ക് കാരണക്കാരനായി മാറിയ ചെറുപ്പക്കാരൻ പിന്നീട് കുടുംബസ്ഥനായി സന്തോഷത്തോടെ ജീവിക്കുന്നു. എന്നാൽ ആ മാതാപിതാക്കൾക്ക് നഷ്ടമായത് മകളെയും, മകൾക്ക് നഷ്ടമായത് വിലയേറിയ ജീവിതവും. മറ്റാർക്കും ഒന്നും നഷ്ടപ്പെട്ടില്ല!!!

കൗമാരക്കാരിലും മൊബൈലിന്റെ ഉപയോഗം അനിയന്ത്രിതമാകുന്നു എന്നാണ് നമുക്കു ചുറ്റുമുള്ള സംഭവങ്ങൾ സൂചിപ്പിക്കുന്നത്. വിവാഹിതയായ അധ്യാപികയുമായുള്ള മൊബൈൽ ഫോൺ ബന്ധങ്ങൾ അപഹരിച്ചത് വിദ്യാർത്ഥിയുടെ വിലപ്പെട്ട ജീവനായിരുന്നു. സംശയം തോന്നിയ ഭർത്താവ് ഗുണ്ടകളെ ഏർപ്പാടു ചെയ്ത് തല്ലിക്കൊന്ന് റയിൽവേ പാളത്തിൽ തള്ളിയ വാർത്തക്ക് ഇപ്പോഴും ചൂടാറിയിട്ടില്ല. എന്തിനേറെ പറയുന്നു, നമ്മുടെ കൗമാരക്കാരുടെയും യുവതലമുറകളുടെയും നിശബ്ദ കൊലയാളിയായി മൊബൈൽ ഫോണുകൾ മാറിയിരിക്കുന്നു.

### സോഷ്യൽ നെറ്റുവർക്കുകളും ചാറ്റിങ്ങും

വിവരസാങ്കേതികവിദ്യയുടെ ആധുനിക പരിവേഷമായ ഇന്റർനെറ്റിന്റെ പുത്തൻ തലമുറയാണ് സോഷ്യൽ നെറ്റുവർക്കുകൾ (ടീരശമഹ ിലംീൃസ). പരസ്പരം സംസാരിക്കുവാനും ബന്ധങ്ങൾ പുതുക്കുവാനും പുതിയബന്ധങ്ങൾ തേടുവാനും ഒക്കെ സഹായിക്കുന്ന വെബ് സൈറ്റുകളാണ് സോഷ്യൽനെറ്റ്വർക്കുകൾ. ഫെയ്സ് ബുക്ക്, ഓർകുട്ട്, ടിിറ്റർ, ഗൂഗിൾ പ്ലസ് എന്നിവയാണ് പ്രധാനപ്പെട്ട സോഷ്യൽ നെറ്റുവർക്കുകൾ. ഇതിന്റെ പെട്ടെന്നുള്ള വരവിനെ ആവേശപൂർവ്വമാണ് യുവതലമുറ ഏറ്റെടുത്തത്. ലക്ഷക്കണക്കിന് കൗമാരക്കാരും യുവജനങ്ങളും ആണ് ഈ നെറ്റ് വർക്കുകളുടെ ഉപഭോക്താക്കളായി മാറുന്നത്. കൂട്ടുകുടുംബ വ്യവസ്ഥയിൽനിന്നു അണുകുടുംബ വ്യവസ്ഥിതിയിലേക്കുള്ള മാറ്റം യുവത്വത്തെ ഏകാന്തരാക്കിയെന്നതാണ് യാഥാർത്ഥ്യം. സംസാരിക്കുവാനും അടുത്തിടപഴകാനും ഉള്ള ആരോഗ്യപരമായ സാഹചര്യം ഇന്നു കുടുംബങ്ങളിൽ ലഭ്യമല്ല. ഉദ്യോഗസ്ഥരായ മാതാപിതാക്കൾ ജോലിക്കു പോകുന്നു. അവർ അവരുടെ പ്രാരാബ്ധങ്ങളിൽ ജീവിക്കുമ്പോൾ സ്നേഹിക്കുവാനും കാര്യങ്ങൾ പങ്കുവെയ്ക്കുവാനും ഇന്ന് കൗമാരക്കാരും യുവജനങ്ങളും ആശ്രയിക്കുന്നതു സോഷ്യൽ നെറ്റുവർക്കുകളെയാണ്. ഓർക്കുട്ടോ, ഫെയ്സ്ബുക്കോ തുറന്നാൽ ലക്ഷക്കണക്കിന് ആളുകൾ ക്യൂവിൽ നിൽക്കുകയാണ്, അതേ ഏകാന്തതയും പേറി. എന്തിന്, മാതാപിതാക്കളോടു മാത്രം പറയേണ്ടുന്ന പല ജീവിതപ്രശ്നങ്ങൾക്കും ഉത്തരം തേടുന്നത് ഒരിക്കലും കണ്ടിട്ടില്ലാത്ത മറ്റൊരാളിനോടായിരിക്കും - യാഥാർത്ഥ്യം അതല്ല, സ്വന്തം ജീവിതപ്രശ്നങ്ങളെപോലും ധൈര്യത്തോടെ നേരിടുവാൻ കഴിയാത്ത മറ്റൊരു വ്യക്തിയോടായിരിക്കും യുവതലമുറ പ്രശ്നപരിഹാരം തേടുന്നത്.

### ചാറ്റിങ്ങിൽ കണ്ട പ്രണയത്തിന്റെ യഥാർത്ഥ മുഖം

വിദേശത്ത് മാതാപിതാക്കളോടൊപ്പം കഴിഞ്ഞിരുന്ന പ്രിൻസിയെ ഉപരിപഠനത്തിനായി ഇന്ത്യയിലേക്ക് അയച്ചു. ബാംഗ്ലൂരിലെ പ്രശസ്തമായ കോളേജിൽ മെഡിസിന് അഡ്മിഷനും ലഭിച്ചു. ഒന്നാം വർഷം പഠനം വിജയകരമായി പൂർത്തീകരിച്ചു. രണ്ടാം വർഷം അവസാനിച്ചപ്പോൾ സോഷ്യൽ നെറ്റുവർക്കായ ഫെയ്സ്ബുക്കിൽ പ്രിൻസി സജീവമായി. വളരെ സൂക്ഷ്മതയോടെ മാത്രമെ ഉപയോഗിക്കുകയുള്ളു എന്ന് മാതാപിതാക്കൾക്ക് ഉറപ്പ് കൊടുത്താണ് ഫെയ്സ്ബുക്കിൽ അക്കൗണ്ട് ആരംഭിച്ചത്. എന്നാൽ കോളേജ് ജീവിതത്തിലെ ഏകാന്തതയിൽ നേരം പോക്കിനായി ദിവസവും സോഷ്യൽ നെറ്റുവർക്കുകളെ ആശ്രയിച്ചു. സുഹൃത്തുക്കൾ ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അപ്രതീക്ഷിതമായി പരിചയപ്പെട്ട ദീപക് എന്ന വ്യക്തിയുമായി ചാറ്റിംഗ് ആരംഭിച്ചു, ദിവസങ്ങളോളം തുടർന്ന ആ ചാറ്റിങ്ങ് അവസാനിച്ചത് ഒരിക്കലും വേർപിരിയുവാൻ കഴിയാത്ത പ്രണയബന്ധത്തിലായിരുന്നു. തന്റെ ഏകാന്തതയിൽ ഒരു സുഹൃത്തായി മാത്രം കരുതി ആരംഭിച്ച ആ സൗഹൃദം പ്രണയത്തിലേക്ക് വഴി മാറിയത് അവൾ പോലും അറിയാതെയായിരുന്നു. അവൾ സ്നേഹിച്ച ദീപക്കിനോടൊപ്പം ഒരു ദിവസം ഹോസ്റ്റൽ വിട്ട് ഇറങ്ങി. ദീപക്കിന്റെ സ്വദേശമായ മുംബൈയിൽ എത്തിയപ്പോഴാണ് യാഥാർത്ഥ്യം അവൾ മനസ്സിലാക്കിയത്. മുംബൈ ചേരിപുറം പോക്കിലെ കുടുംബത്തിലേക്കായിരുന്നു അവൾ ചെന്ന് കയറിയത്. ഒരു നേരത്തെ ആഹാരത്തിനുവേണ്ടി ശരീരം വിൽക്കുന്നവർ, മോഷണവും പിടിച്ചുപറിയും തൊഴിലാക്കിയവർ മാത്രം താമസിക്കുന്ന ചേരി!!! ഹോസ്റ്റലിൽ നിന്നും കാണാതായ ഉടൻ സഹപാഠിയായ ലിനി നൽകിയ വിവരത്തെ തുടർന്ന് മാതാപിതാക്കൾ നാട്ടിലെത്തുകയും, പോലീസും കേരള സമാജം പ്രവർത്തകരും ചേർന്ന് പ്രിൻസിയെ തിരികെ കൊണ്ടുവരികയായിരുന്നു. പ്രണയത്തിന്റെ യാഥാർത്ഥ മുഖം മനസ്സിലാക്കിയ പ്രിൻസി, ഫെയ്സ്ബുക്കിലൂടെ 'ഫെയ്സ്' ചെയ്ത ആ സംഭവത്തെ ഞെട്ടലോടെയാണ് ഇന്നും ഓർക്കുന്നത്.

ഇന്നത്തെ സോഷ്യൽ നെറ്റുവർക്കിലൂടെ പരിചയപ്പെടുന്ന യുവതി- യുവാക്കൾ ക്രമേണ പ്രണയബന്ധങ്ങളിലേക്കും വൈവാഹിക ജീവിതത്തിലേക്കും നയിക്കപ്പെടുന്നു എന്നു വിവിധ പഠനങ്ങൾ തെളിയിക്കുന്നു. പരിചയപ്പെടുന്ന വ്യക്തികൾ തമ്മിൽ വിവാഹത്തിനുശേഷം ജീവിതം ആരംഭിക്കുമ്പോൾ യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുവാൻ കഴിയാതെ കൂടുതൽ പ്രശ്നങ്ങളിലേക്ക് വഴുതി വീഴുന്നു. ഇത്തരത്തിലുള്ള വിവാഹങ്ങളിൽ എഴുപതു ശതമാനത്തോളം വിവാഹമോചനങ്ങൾക്കും കുടുംബത്തകർച്ചകൾക്കും വിധേയമാകുന്നു. മാതാപിതാക്കൾ ചേർന്നും, സ്വയമായും എടുക്കേണ്ടുന്ന പല തീരുമാനങ്ങളും മറ്റുള്ള വ്യക്തികൾ നിയന്ത്രിക്കുന്നത് ജീവിത തകർച്ചയ്ക്കും കുടുംബബന്ധങ്ങളിൽ അകൽച്ചയ്ക്കും കാരണമായി മാറുന്നു. സോഷ്യൽ നെറ്റ് വർക്കുകളുടെ അമിത ഉപയോഗം യുവജനങ്ങളിലും കൗമാരക്കാരിലും ഉത്സാഹമില്ലായ്മ, കുടുംബബന്ധങ്ങളിൽ താല്പര്യമില്ലായ്മ, പഠനത്തിൽ ശ്രദ്ധക്കുറവ് മാനസ്സിക വിഭ്രാന്തി എന്നിവയ്ക്ക് കാരണമായി മാറുന്നു എന്ന് അമേരിക്കൻ മെഡിക്കൽ കൗൺസിൽ പഠനങ്ങൾ റിപ്പോർട്ട് ചെയ്യുന്നു.

സോഷ്യൽ നെറ്റ് വർക്കുകളിൽ അപകടങ്ങൾ പലതാണ്. സാങ്കേതിക വിദ്യയെക്കുറിച്ച് അറിവില്ലാതിരിക്കുന്ന കൗമാരക്കാരും യുവജനങ്ങളും വളരെ ചൂഷണം നേരിടുന്നുണ്ട്. സോഷ്യൽ നെറ്റ് വർക്കുകളിൽ ഉൾപ്പെടുത്തുന്ന വിവരങ്ങൾ, വ്യക്തിപരമായ വിവരങ്ങൾ, ചിത്രങ്ങൾ എന്നിവ ഒരു നിമിഷം കൊണ്ട് പകർത്തിയെടുക്കുവാൻ കഴിയുന്നതുകൊണ്ട് ദുരുപയോഗത്തിനുള്ള സാധ്യതകൾ വർദ്ധിക്കുന്നു. വ്യാജമായി അനേകം പ്രൊഫൈലുകൾ സൃഷ്ടിക്കപ്പെടുന്നതുകൊണ്ട് യഥാർത്ഥ വ്യക്തിയെ തിരിച്ചറിയാനും അവരുടെ ഉദ്ദേശങ്ങൾ മനസ്സിലാക്കാനും കഴിയാതെ വരുന്നു. ഒരിക്കൽ പോലും കണ്ടിട്ടില്ലാത്ത വ്യക്തികളുമായുള്ള സൗഹൃദം അപകടകരവും അനാവശ്യമായതുമായ ബന്ധങ്ങളിലേക്ക് വഴുതി പോകുവാനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുന്നു.


ETERNAL VOICE
Post Office Building
Vennikulam P.O Thiruvalla
Tel:0469 2751000
Mobile: 09446625996
E-mail: deepamnews2011@gmail.com
Date Of Posting 5th Evary Month

Date of Publication 01/11/2017

# ETERNAL VOICE

REGISTERED
RNI. NO. Kermal-2014/59906
Postal Reg. No. KL/TLA/238/2015-17
Published From Thiruvalla





വീട്ടിൽ ഇരുന്ന് ബൈബിൾ പഠിക്കാം

# GRACE THEOLOFICAL COLLEGE

Vennikulam P.O Thiruvalla 689 544, Pathanamthitta Dt. Kerala India
e-mail: gracetheological@gmail.com/Pho:0469 2751000/09446625996

**Courses : Dip.Th / B.Th**

International Association for Thelolgical Accreditation (I.A.T.A)

# GRACE GRAPHIX

Vennikulam P.o Thiruvalla 689 544 / 9446625996

എല്ലാ പ്രസ്സ് വർക്കുളും മിതമായ നിരക്കിൽ ചെയ്തു കൊടുക്കുന്നു.

കൂടാതെ സഭകൾക്കു വേണ്ടുന്ന ബുക്ക്, പാട്ട് പുസ്തകം, സപ്ലീമെന്റ്, സുവനീർ, ക്രിസ്ത്യൻ ന്യൂസ് പേപ്പർ.... തുടങ്ങിയവ ചെയ്തുകൊടുക്കുന്നു.

*Published Printed and owned by Mrs. Liji Philip, Printed at St. Francis Sales Press, Kottam-1 for IGM Press, Manjadi P.o Thiruvalla, Pathanamthitta Dt. Kerala -689 105, Published form Mulamoottil House, Kavumgumprayar P.o Thiruvalla , Pin - 689 543, Pathanamthitta Dt. Kerala India, Editor :* **Renny Edapparambil**